ചാസ് ബുള്ളറ്റിൻ

# ഒരുമ

ഒക്ടോബർ 2020
ലക്കം : 55
വാല്യം : 23









കുട്ടനാട്ടിലെ മടവീണ പാടശേഖരങ്ങൾ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം സന്ദർശിക്കുന്നു (ആഗസ്റ്റ് 19).




ചങ്ങനാശ്ശേരി അതിരൂപത കോവിഡ് പശ്ചാത്തലത്തിൽ ആരംഭിച്ച 'സമരിറ്റൻസ് ചങ്ങനാശ്ശേരി' സന്നദ്ധസേനയുടെ ഉദ്ഘാടനം സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവഹിക്കുന്നു (ജൂലൈ 12)



ചാസ് സെൻട്രൽ ഓഫീസ് അങ്കണത്തിൽ ക്രമീകരിച്ച ഓണചന്ത മുനിസിപ്പൽ കൗൺസിലർ ശ്രീ. സിബിച്ചൻ  പാറയ്ക്കലിന് ആദ്യവിൽപന നടത്തി സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവഹിക്കുന്നു (ആഗ്സ്റ്റ് 25).

# ഒരുമ


ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം

ലക്കം 55 | വാല്യം 23

ഒക്ടോബർ 2020

പേജ് : 36

## ഉള്ളടക്കം


02 മുഖമൊഴി

04 കർഷകരക്ഷ - കർഷക ബിസിനസ് സംവിധാനങ്ങളിലൂടെ

14 ഹരിതസമൃദ്ധി 2020-22

16 കുട്ടനാട് പുനർനിർമ്മാണ പദ്ധതി

18 തണൽ

23 കേന്ദ്രവാർത്തകൾ

32 മൈക്രോഫിനാൻസ്

33 മേഖലാവാർത്തകൾ



editorial board

*രക്ഷാധികാരി*

**മാർ ജോസഫ് പെരുന്തോട്ടം**

*മാനേജിംഗ് എഡിറ്റർ*

**ഫാ. ജോസഫ് കളരിക്കൽ**

*ചീഫ് എഡിറ്റർ*

**ശ്രീ. ജോസ് പുതുപ്പള്ളി**

*എക്സിക്യൂട്ടീവ് എഡിറ്റർ*

**ശ്രീ. ജോബി മാത്യു**

*അസോസിയേറ്റ് എഡിറ്റേഴ്സ്*

**ശ്രീ. ബിനു ജോസഫ്**

**ശ്രീമതി ബിന്ദു സിബി**




ലേ ഔട്ട് & പ്രിന്റിംഗ്

**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി

ഫോൺ: 0481-2410101



# മുഖമൊഴി

*പ്രിയ സുഹൃത്തുക്കളേ,*

**ചാസിൽനിന്നും ആശംസകൾ!**

മഹാമാരിയും, പേമാരിയും നമ്മുടെ സാമ്പത്തിക സാമൂഹിത ജീവിതക്രമത്തെ തകിടം മറിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അതിജീവന വികസന കാഴ്ചപ്പാടുകൾക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. അനിതരസാധാരണമായ പ്രതിസന്ധികളെയാണ് നാം അഭിമുഖീകരിക്കുന്നത്. കണക്കുകൂട്ടലുകളും, ക്രമീകരണങ്ങളും താളംതെറ്റി. കഴിഞ്ഞ മാർച്ച് മാസം മുതൽ നമ്മുടെ രാജ്യത്ത് ജനജീവിതത്തിന് വൻ ഭീഷണിയായി നിലനിൽക്കുന്ന കോവിഡ്-19 മഹാമാരിക്കു ശമനമില്ല, ഓരോ ദിവസവും രോഗബാധിതരുടെ എണ്ണത്തിലും മരണനിരക്കിലും വർദ്ധനവുണ്ടാകുന്നു. ഇന്ന് അമേരിക്ക കഴിഞ്ഞാൽ ഏറ്റവുമധികം രോഗബാധിതരുള്ളത് ഇൻഡ്യയിലാണ്. മരണസംഖ്യയും ആശങ്കാജനകമായി കൂടുന്നു. നമ്മുടെ സംസ്ഥാനത്ത് സ്ഥിതിഗതികൾ കൂടുതൽ വഷളായികൊണ്ടിരിക്കുകയാണ്. ഇതോടൊപ്പമാണ് ഈ വർത്തെ അതിവൃഷ്ടി സൃഷ്ടിച്ചിരിക്കുന്ന ദുരിതങ്ങൾ. തെക്കുപടിഞ്ഞാറൻ കാലവർഷം സാമാന്യം വലിയ രണ്ട് വെള്ളപ്പൊക്കങ്ങൾ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സമ്മാനിച്ചിട്ടാണ് പിൻവാങ്ങുന്നത്. വടക്ക്-കിഴക്കൻ കാലവർഷം കൂടി പെയ്യാനുണ്ട്. നമ്മുടെ കാലാവസ്ഥയുടെ അനുഗ്രഹമായിരുന്ന മഴക്കാലങ്ങൾ കാലാവസ്ഥയുടെ അടിസ്ഥാന സ്വഭാവത്തിലുണ്ടായ മാറ്റം മൂലം ദുരിതകാലമായി മാറി. കാർഷിക മേഖലയിൽ വൻനഷ്ടങ്ങൾ സംഭവിച്ചു. കൃഷിനാശവും, സമയത്ത് കൃഷിയിറക്കാനാവത്തതും, വിളവെടുപ്പ് തടസ്സപ്പെടുന്നതും മൂലം കൃഷിയെ മാത്രം ആശ്രയച്ചു കഴിയുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്കുണ്ടായ നഷ്ടങ്ങൾ ഭീകരമാണ്. കോവിഡ് കാലഘട്ടത്തിൽ ആകെ പ്രതീക്ഷ നൽകിയത്, കാർഷിക മേഖലയായിരുന്നെങ്കിൽ ഇന്ന് അതും നഷ്ടപ്പെട്ടുകഴിഞ്ഞു.

നമ്മൾ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ പ്രാപ്തരാകണം. കൃഷി വ്യവസായമായി പരിഗണിക്കപ്പെടണം. കർഷകർ കേവലം കാർഷിക വിഭവങ്ങളുടെ ഉത്പാദകർ മാത്രമാകാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന വ്യവസായികളായി രൂപാന്തരപ്പെടണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ പരിശ്രമിക്കുന്ന ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കാൻ കർഷകർ മുന്നിട്ടിറങ്ങണം. ഗ്രാമതലത്തിൽ കർഷക കൂട്ടായ്മകൾ രൂപപ്പെടുത്തിയെടുക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് യൂണിറ്റ് ഭരണസമിതികൾ നേതൃത്വം വഹിക്കേണ്ടതുണ്ട്. ഇതിലൂടെ വളരെയധികം തൊഴിലവസരങ്ങളും വരുമാനവർദ്ധനവും സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന യാഥാർത്ഥ്യം മറന്നുകൂടാ.

അതേസമയം പാർലമെന്റ് കഴിഞ്ഞമാസം പാസാക്കിയ കാർഷിക ബില്ലുകൾ കാർഷിക മേഖലയിലേയ്ക്കുള്ള വമ്പൻ കോർപ്പറേറ്റുകളുടെ കടന്നു കയറ്റത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണെന്നുള്ള അശങ്ക ശക്തമാണ്. കർഷകർ തങ്ങളുടെ വിളകൾ മൂല്യവർദ്ധിത ഉത്പന്നങ്ങളായി മാത്രമേ വിപണിയിലെത്തിക്കൂ എന്ന് തീരുമാനിച്ചാൽ ഈ ഭീഷണിയെ ചെറുത്തു തോൽപ്പിക്കാനാവും. അവിടെയാണ് ഫാർമർ പ്രൊഡ്യൂസർ കമ്പനി (FPC) കളുടെ പ്രസക്തി.

കോവിഡ് മഹാമാരിയും, കാലാവസ്ഥാവ്യതിയാനവും മൂലം തകർന്നടിഞ്ഞിരിക്കുന്ന നമ്മുടെ സമ്പത്ത്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ സംവിധാനങ്ങൾ വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങളേക്കാൾ സുസ്ഥിരമാകുന്നത് അടിസ്ഥാന തലങ്ങളിൽ തന്നെയുള്ള ഇത്തരം മുന്നേറ്റങ്ങളാണെന്ന് നാം തിരിച്ചറിയണം.

*വിശ്വസ്തതയോടെ,*

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*




# കർഷകരക്ഷ - കർഷക ബിസിനസ് സംവിധാനങ്ങളിലൂടെ

ജയിംസ് വടക്കൻ

**ആമുഖം**

ലോകത്തിൽ ഏറ്റവും കൂടുതൽ 'റിസ്ക്' എടുക്കുന്ന വിഭാഗമാണ് കർഷകർ. സാഹസികരാണിവർ. എന്നാൽ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നതും കർഷകർ തന്നെ. പ്രത്യേകിച്ചും ഭക്ഷ്യവിളകൾ കൃഷിചെയ്യുന്ന കർഷകർ. മാർക്കറ്റിൽ പൊതുജനം നൽകുന്ന വിലയുടെ 50% പോലും അതു നട്ടുവളർത്തിയ കർഷകനു ലഭിക്കുന്നില്ല എന്നതാണ് സത്യം. നാമമാത്ര ചെറുകിട കർഷകർ അസംഘടിതരാണെന്നതും കാർഷിക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന കച്ചവടക്കാർ സംഘടിതരാണെന്നതുമാണ് പ്രശ്നകാരണം. കർഷകർ സംഘടിച്ച് അവരുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി കൂട്ടിയിണക്കപ്പെട്ട മാർക്കറ്റുകളിലൂടെ കാർഷിക ഉത്പന്നങ്ങൾ കച്ചവടം ചെയ്യുക എന്നതു മാത്രമാണ് പ്രശ്നപരിഹാരം. അങ്ങനെ സംഘടിക്കാനാകുമോ എന്ന ചിന്തയിലായിരുന്നു കഴിഞ്ഞ 40 വർഷമായി കേരളത്തിലെ കർഷകർ. ഇന്നും അങ്ങനെ തന്നെ.

എന്നാൽ ഗുജറാത്തിലേക്കു നോക്കൂ, സർദാർ വല്ലഭായി പട്ടേലിന്റെ ആശീർവാദത്തോടെ ത്രിഭൂവൻദാസ് പട്ടേൽ 1946-ൽ ആരംഭിക്കുകയും 1949-ൽ ഡോ. വർഗീസ് കുര്യൻ എന്ന മലയാളിയെ നേതൃത്വം ഏൽപ്പിക്കുകയും ചെയ്ത അമൂൽ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ പാൽ

ഉൽപാദകരാണ്, ആഗോള കുത്തകയാണ്. പക്ഷേ, ആ ആഗോള പാൽ കുത്തകയുടെ ഉടമസ്ഥർ എന്നു പറയുന്നത് ഗുജറാത്തിലെ 36 ലക്ഷം ക്ഷീരകർഷകരാണ്. ഗുജറാത്തിലെ 18,700 ഗ്രാമങ്ങളിലായി പ്രവർത്തിക്കുന്ന 18 സംഭരണയൂണിയനുകളിലായി പ്രവർത്തിക്കുന്ന അമൂൽ സംരംഭങ്ങളുടെ 2019–20–ലെ വിറ്റുവരവ് 50,000 കോടിയാണ്. അടുത്ത നാളിൽ വിവാദമായ 3 കാർഷികനിയമങ്ങളെപ്പറ്റി എഴുതിയപ്പോൾ പലരും ആഗോള കാർഷിക ഉൽപ്പന്ന കുത്തകകളായി വിമർശിച്ച രണ്ടു സ്ഥാപനങ്ങളാണ് ഡാരി ഗോൾഡും ഫൊണ്ടേറയും. വിമർശിക്കുന്നതിനു മുൻപ് വിമർശകർ എങ്ങനെയുള്ള ആഗോള കുത്തകകളാണ് ഇവയെന്നു പഠിക്കേണ്ടിയിരിക്കുന്നു.

എന്താണ് ഡാരി ഗോൾഡ്? ആരാണിതിന്റെ ഉടമസ്ഥർ? അമേരിക്കയിലെ സിയാറ്റിലിലുള്ള ഒരു ക്ഷീരകർഷക സഹകരണ പ്രസ്ഥാനമാണ് ഡാരി ഗോൾഡ്. നോർത്ത് വെസ്റ്റ് ഡയറി അസോസിയേഷൻ എന്ന ക്ഷീരകർഷക സഹകരണ പ്രസ്ഥാനത്തിന്റേതാണ് ആഗോള കുത്തകയായ ഡാരി ഗോൾഡ്.

ഇനി ആരാണ് ഫൊൻന്റേറാ? ന്യൂസിലാന്റ് മൾട്ടി നാഷണൽ ഡെയറി കോ–ഓപ്പറേറ്റീവിനു കീഴിലുള്ള പാൽ സംഭരണ സംസ്കരണ കമ്പനിയാണിത്. ഉടമസ്ഥർ ന്യൂസിലാന്റിലെ ക്ഷീരകർഷകരും. ന്യൂസിലാന്റിലെ ഏറ്റവും വലിയ കമ്പനി. ആഗോള പാൽ ഉൽപാദനത്തിന്റെ 30% നിയന്ത്രിക്കുന്നു.

അപ്പോൾ എവിടെയാണ് പ്രശ്നം? കർഷകരെ വാണിജ്യപരമായി സംഘടിപ്പിക്കാത്തുതന്നെയാണ് കേരളത്തിലെ കാർഷിക പ്രതിസന്ധിക്കും കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവിനും കാരണം. ശാശ്വത പ്രശ്നപരിഹാരമുണ്ടാകണമെങ്കിൽ കാർഷിക പ്രതിസന്ധി ആഴത്തിൽ പഠിക്കണം. നമ്മെ സഹായിക്കാത്തവരെ കണ്ടെത്തണം. ആരുടെ കൂടെ നിന്നാൽ രക്ഷപ്പെടാമെന്നു മനസ്സിലാക്കണം. ഈ സ്വയം ബോധ്യം കർഷകർക്കു വന്നാൽ പിന്നെ കേരള കർഷകർക്ക് അമൂലോ ഡാരി ഗോൾഡോ ഫൊൻന്റാരയോ ഒക്കെ ആകാം. കാരണം 10 വർഷം കൊണ്ട് 45 ലക്ഷം വനിതകളെ സംഘടിപ്പിച്ച് സ്വയം പര്യാപ്തതയിലേക്കും വികസനത്തിലേക്കും നീങ്ങുന്ന ‘കുടുംബശ്രീ’ പ്രവർത്തിക്കുന്ന നാടാണ് കേരളം. കർഷകരെ വാണിജ്യപരമായി സംഘടിപ്പിക്കാൻ ആത്മാർത്ഥതയുള്ള നേതൃത്വം ഉണ്ടാകണം. കർഷകരുടെ കർഷിക ഉത്പാദക കമ്പനികളും പള്ളികളോടനുബന്ധിച്ച് സ്ഥാപിക്കുന്ന പരസ്പരം നെറ്റ് വർക്ക് ചെയ്യപ്പെടുന്ന നാട്ടുചന്തകളുമായിരിക്കും ഇനിയുള്ള കാലം നമ്മുടെ രക്ഷകർ.

**ഭക്ഷ്യവിള കർഷകരുടെ ദാരിദ്ര്യം-ഒരു ഗൂഢാലോചന?**

ആഗോളതലത്തിൽതന്നെ ഏറ്റവും കൂടുതൽ വളർച്ചാനിരക്കുകൾ ഉണ്ടെന്നവകാശപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന കർഷകർ എന്തുകൊണ്ടാണ് ദാരിദ്ര്യത്തിൽ കഴിയുന്നത്? എന്നതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും പ്രസക്തമായ ചോദ്യം.

അവർ നാമമാത്ര ചെറുകിട കർഷകരാണ്. മിക്കവരും ഒരേക്കറിൽ താഴെ കൃഷിഭൂമിയുള്ളവർ അസംഘടിതരായ ഈ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്കു സ്വന്തമായി ‘‘ലാഭകരമായ വില’’ നിശ്ചയിക്കാനാകുന്നില്ല. കച്ചവടക്കാർ പറയുന്ന വിലക്ക് കർഷകർ ഉൽപ്പന്നങ്ങൾ വിൽക്കാൻ നിർബന്ധിതരാകുന്നു എന്നതാണ് സത്യം.

ഭക്ഷ്യ കാർഷിക ഉൽപ്പന്നങ്ങൾക്ക് മാന്യമായ, വിലക്കയറ്റത്തിനനുസൃതമായ, വില ലഭിക്കാൻ കർഷകർക്ക് അവകാശമുണ്ട്. അങ്ങനെയൊരു വിലകിട്ടിയാലെ കർഷകൻ അത്തരം ഭക്ഷ്യവിളകൾ കൃഷി ചെയ്യേണ്ടതുള്ളൂ. നേരത്തെ സൂചിപ്പിച്ചതുപോലെ 1978-ൽ നെല്ലിന് 2.64 രൂപയായിരുന്നു വില. കപ്പയ്ക്ക് 80 പൈസ. റബറിന് 17 രൂപ. 1978-നും 2015-നും ഇടയിൽ കുറഞ്ഞ ശമ്പളം വർദ്ധിച്ചത് 60 ഇരട്ടിയും കൂടിയ ശമ്പളം വർദ്ധിച്ചത് 43 ഇരട്ടിയുമായിരുന്നു. 1978-നെ അപേക്ഷിച്ച് നെല്ലിന് 43 ഇരട്ടി വില വർദ്ധിച്ചാലെ വരുമാന തുല്യത ലഭിക്കൂ. അങ്ങനെയെങ്കിൽ നെല്ലിന്റെ ഇന്നത്തെ ന്യായവില എന്നു പറയുന്നത് Rs.2.64 x 43 = Rs.113.52 രൂപയായിരിക്കണം. നിലവിലെ നെല്ലിന്റെ വില 23 രൂപ. നെല്ലിന് 113 രൂപ കിട്ടിയാൽ ഒരു ഏക്കർ നെൽകൃഷിയിൽനിന്നും 113 x 1116 kg kaw 126108. കർഷകർ സംഘടിച്ചാൽ നമുക്കും ഈ വരുമാനം സ്വന്തമാക്കാം.

**ലോകം പട്ടിണി കിടക്കാത്തത് ചെറുകിട/നാമമാത്ര കർഷകർ കാരണം**

FAO വീണ്ടും ചൂണ്ടിക്കാണിക്കുന്നു. 12 ചെടികളിൽനിന്നും 5 മൃഗങ്ങളിൽനിന്നുമാണ് ലോകത്തിന്റെ ഭക്ഷ്യാവശ്യങ്ങളുടെ 75% ലഭിക്കുന്നത്. ദാരിദ്രരേഖക്കു താഴെ ജീവിക്കുന്ന കുടുംബങ്ങളിൽ ബഹുഭൂരിപക്ഷം കഴിയുന്നത് കാർഷികമേഖലയിലാണ്. കർഷകതൊഴിലാളികളിൽ 43% വനിതകളാണ്. ചെറുകിട കർഷകർ (1 ഹെക്ടറിൽ താഴെ ഭൂമി സ്വന്തമായിട്ടുള്ളവർ) ആണ് ലോകത്തിലെ ഭക്ഷ്യവസ്തുക്കളുടെ 80% ഉൽപാദിപ്പിക്കുന്നത്. ചുരുക്കത്തിൽ ഈ ദരിദ്രരാണ് നമ്മുടെ വിശപ്പകറ്റുന്നത്.

ചുരുക്കത്തിൽ ദരിദ്രരാണ് സമ്പന്നരെയും സംഘടിതരെയും തീറ്റിപ്പോറ്റുന്നത്. അസംഘടിതരായ ദരിദ്രരായ ചെറുകിട നാമമാത്ര

കർഷകർ സംഘടിച്ചാലെ കാർഷികഉൽപ്പന്നങ്ങളുടെ പ്രത്യേകിച്ച് ഭക്ഷ്യഉൽപ്പന്നങ്ങളുടെ വില ഉയർത്താനാകൂ. വിലക്കയറ്റത്തിനനുസൃതമായി കാർഷിക ഉൽപ്പന്നങ്ങളുടെ വില ഉയരണം.

ആഗോളതലത്തിൽ ഒരിക്കലും വളർച്ച മുരടിക്കാത്ത ഏക മേഖല ഭക്ഷ്യവസ്തുക്കളുടെ മൂല്യവർദ്ധനവും വിപണനവും ആണെന്നാണ് ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ അടുത്തനാളിൽ (2019) നടത്തിയ പഠനം തെളിയിച്ചത്. അതാണ് നാണ്യവിളകൾ ഉപേക്ഷിച്ച് ഭക്ഷ്യവിളകളിലേക്ക് ചുവടുമാറ്റം ചെയ്യാൻ കേരള കർഷകരെ പ്രേരിപ്പിക്കുന്ന അനുകൂല ഘടകം.

**ആഗോള മുന്നറിയിപ്പ്**

ആഗോള കാർഷിക മേഖലയിലെ പ്രതിസന്ധികളെക്കുറിച്ചു പഠിച്ച ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ആന്റ് ഡെവലപ്മെന്റ് പറയുന്നതിങ്ങനെ: ''കൃഷി നിലനിൽക്കണമെങ്കിൽ കൃഷിയിലും അനുബന്ധമേഖലകളിലും കൂടുതൽ നിക്ഷേപം/മുതൽമുടക്ക് ഉണ്ടാകണം. യുവാക്കൾക്ക് കൃഷിയിൽനിന്ന് കാര്യമായ വരുമാനം ലഭിക്കണം. കൃഷി ആദായകരമായ ബിസിനസ് ആകണം. കാർഷികമേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ യുവാക്കളിലേക്ക് പകരണം. FAO നിർദ്ദേശിക്കുന്നു. ചെറുപ്പക്കാരും വനിതകളും അടക്കം കൃഷിമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കൃഷി ഒരു ''ഡീസന്റ്'' തൊഴിലാകണം. കാർഷിക വിളകളുടെ അധിക ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിച്ച്, കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കി കാർഷികമേഖലയിലെ വരുമാന പ്രതിസന്ധി 50% എങ്കിലും കുറയ്ക്കാനാകും. കാർഷികമേഖലയുടെ പ്രതിസന്ധി എന്നു പറയുന്നത് ചെറുകിട/നാമമാത്ര കൃഷിയിടങ്ങളിലെ കുറഞ്ഞ ഉല്പാദനക്ഷമതയും കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കാനുള്ള വിപണികളുടെ അഭാവവുമാണെന്നാണ് Food and Agriculture Organisation "The vicious circle" എന്ന തലക്കെട്ടിൽ ഈ പ്രതിഭാസത്തെ വിലയിരുത്തിയത്. കർഷകർക്ക് വിപണിയുമായി ബന്ധമില്ലാത്തതും ചെറുകിട നാമമാത്ര കർഷകർ വിപണികളിൽ നേരിട്ടെത്താത്തതും താഴ്ന്ന ഉൽപാദനക്ഷമതയും കൂടിചേരുന്നതാണ് കൃഷിയിലെ വിഷയവൃത്തം എന്ന് എല്ലാവരും സമ്മതിക്കുന്നു.

**കർഷകരെ സംഘടിപ്പിച്ച് കർഷകനേതാക്കളെ കണ്ടെത്തണം**

കർഷകരെ സംഘടിപ്പിക്കുന്നതിനുമുൻപ് നാം ചെയ്യേണ്ടത് നിലവിലുള്ള കർഷകവിഷയങ്ങൾ ശരിയായി മനസ്സിലാക്കി ഇനി എന്തായിരിക്കണം കർഷകർ ചെയ്യേണ്ടതെന്ന വ്യക്തമായ ധാരണയുള്ള

കർഷകരെ സംഘടിപ്പിക്കാൻ പറ്റുന്ന കർഷകനേതാക്കളെ കണ്ടെത്തുകയാണ്. പരമ്പരാഗത പരിപാലനശൈലിയിൽനിന്നു വിട്ടുമാറി OUT OF BOX ആയി ചിന്തിക്കാൻ പറ്റുന്നവരെ കണ്ടെത്തണം. കർഷക ആഭിമുഖ്യമുള്ള കർഷകകുടുംബത്തിൽനിന്നുള്ളവരായിരിക്കണം ഇവരിൽ ഭൂരിപക്ഷംപേരും. അവർക്ക് ആഴത്തിലുള്ള പരിശീലനം നൽകണം.

കൃഷിയെ രക്ഷിക്കാൻ സർക്കാർ ധനസഹായമോ സബ്സിഡികളോ അല്ല ആവശ്യം മറിച്ച് കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലക്കയറ്റത്തിനനുസൃതമായ ന്യായവില സർക്കാർ ഉറപ്പാക്കണം. പ്രഖ്യാപനങ്ങളോ പരസ്യങ്ങളോ അല്ല ആത്മാർത്ഥതയോടെയുള്ള കർഷക സൗഹൃദ സമീപനമാണ് ആവശ്യം. തരിശുപാടങ്ങൾ സംഘകൃഷികളിലൂടെ വീണ്ടെടുക്കുന്നതടക്കമുള്ള നീക്കങ്ങൾ വളരെ ചെറിയൊരളവിൽ മാത്രമേ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കൂ എന്ന കാര്യം ആരും വിസ്മരിക്കരുത്.

രാഷ്ട്രീയപ്രക്ഷോഭങ്ങൾക്കും മഹാറാലികൾക്കും ഒന്നും കാർഷിക ഉൽപ്പന്നങ്ങളുടെ വില ഉയർത്താനോ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനോ നാളിതുവരെ സാധിച്ചില്ല. ഇനിയൊട്ടു സാധിക്കുകയുമില്ല. അതുകൊണ്ടുതന്നെ സർക്കാർ രക്ഷിക്കും എന്നു കരുതാനാവില്ല. സമീപഭാവിയിൽ അതിനുള്ള സാഹചര്യവുമില്ല. ജനങ്ങൾക്ക് കൂടുതൽ ആവശ്യമുള്ളതും കൂടുതൽ വരുമാനം/വില ലഭിക്കുന്നതുമായ കൃഷികളിലേക്ക് കർഷകർ മാറണം.

കർഷകരക്ഷക്കും കർഷകവരുമാന വർദ്ധനവിനും ഇനിയുള്ള ഏകമാർഗ്ഗം കർഷകർ ദേശീയതലത്തിലും സംസ്ഥാനതലത്തിലും സംരംഭകത്വശൈലിയോടെ സംഘടിക്കുകയും അവരുടെ ഉൽപ്പന്ന വില മുൻകൂട്ടി നിശ്ചയിക്കുകയും അതു ദിവസേന കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും കർഷകരുടെ ഉൽപ്പന്നങ്ങൾ വാങ്ങി വിൽക്കാൻ സംസ്ഥാന/ദേശീയതലത്തിൽ സംഘടിതമായൊരു വിപണനസംവിധാനം രൂപീകരിക്കുകയും ചെയ്യുക എന്നതു മാത്രമാണ്.

കർഷകരോ അവരുടെ കർഷകസംവിധാനങ്ങളോ അങ്ങനെ മുന്നിട്ടിറങ്ങിയാൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വില കുറച്ചു വാങ്ങി ഉയർന്ന വിലയിൽ വിറ്റ് അതിൽനിന്നും അമിതലാഭം സ്വന്തമാക്കുന്നവർ (കർഷകരെക്കാൾ കൂടുതൽ വരുമാനം സ്വന്തമാക്കുന്നവർ) അടങ്ങിയിരിക്കില്ല. ഏതുവിധേയനെയും നാം വിഭാവനം ചെയ്യുന്ന ദേശീയ/സംസ്ഥാനതലത്തിലുള്ള കർഷകമാർക്കറ്റ് ശൃംഖല പൊളിക്കാനുള്ള സകലവിധ സമ്മർദ്ദങ്ങളും തന്ത്രങ്ങളും ബിസിനസ് ചതിയുമൊക്കെ

അവർ പ്രയോഗിച്ചെന്നിരിക്കും.

കാർഷിക വിപണന സംവിധാനം രൂപീകരിക്കേണ്ടതും അവ നടത്തിക്കൊണ്ടുപോകേണ്ടതും കർഷക ആഭിമുഖ്യമുള്ള ബിസിന സുകാർ തന്നെയായിരിക്കണം. ഓരോ പ്രദേശത്തെയും അത്തരം കർഷകബിസിനസുകാർ ഒത്തുചേർന്ന് ഓരോ കാർഷികവിപണികൾ ആരംഭിക്കണം അത്തരം കാർഷികവിപണികളൊക്കെ ഒത്തുചേർന്ന് ഒരു ശൃംഖലയായി പ്രവർത്തിക്കുമ്പോൾ സംസ്ഥാനടിസ്ഥാനത്തി ലുള്ള ഒരു റിട്ടെയിൽ മാർക്കറ്റ് ചെയിനായി അതു മാറണം.

കൃഷി വരുമാനമുള്ള ഒരു തൊഴിലായി മാറ്റി മറ്റു മേഖലയിലെ പോലെ തന്നെ ഉൽപാദനചിലവും ലാഭവും കിട്ടുന്ന തൊഴിലായി കാർഷികമേഖലയെ പരിവർത്തനം ചെയ്യുക എന്നതാണ് ഈ മുന്നേ റ്റംകൊണ്ട് ഉദ്ദേശിക്കുന്നത്.

**കർഷകർക്ക് സ്വന്തമായി ബിസിനസ് സംരംഭങ്ങൾ**

കർഷകർക്ക് സ്വന്തമായി ഇത്തരം ബിസിനസ്സ് സംരംഭങ്ങൾ സ്ഥാപി ക്കാൻ ആവശ്യമായ സൗകര്യങ്ങൾ/കഴിവുകൾ ലഭ്യമല്ലാത്തതിനാൽ കർഷകരുടെ മാത്രം ഉടമസ്ഥതയിൽ, എന്നാൽ പ്രൊഫഷണലുകൾ കർഷർക്ക് നിയന്ത്രണവിധേയമായി പ്രവർത്തിക്കുന്ന പുതിയൊരു സംവിധാനം ഉണ്ടാകണമെന്ന നിർദ്ദേശമുയർന്നു. അങ്ങനെ 2002-ൽ നിലവിൽ വന്നതാണ് കർഷക ഉൽപാദക കമ്പനികൾ.

കഴിഞ്ഞ വർഷം അന്തരിച്ച കേന്ദ്ര ധനകാര്യമന്ത്രിയായിരുന്ന അരുൺ ജെയ്റ്റലി 2002-ൽ കേന്ദ്രത്തിൽ CORPORATE AFFAIRS മന്ത്രി യായിരിക്കെ ANAND/IRMA സ്ഥാപനങ്ങളെ നിയോഗിച്ചു നടത്തിയ പഠനത്തെ അടിസ്ഥാനമാക്കി ചെറുകിട കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചു. ALWARA COMMITTEE എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ കമ്മിറ്റി ചെറുകിട കർഷകർക്ക് ഭൂരിപക്ഷമുള്ള കാർഷികമേഖലയിൽ ഉൽപാദന-വിതരണ-വിപണനസംവിധാനങ്ങൾക്ക് ഒരു കർഷക കൂട്ടാ യ്മതന്നെ ഉണ്ടാക്കണമെന്നു നിർദ്ദേശിച്ചു. സഹകരണമേഖല അടക്കം നിലവിലുള്ള എല്ലാ കർഷക സംവിധാനങ്ങളെയും പഠനവിധേയമാ ക്കിയ അൽവാര കമ്മിറ്റി ഇന്ത്യൻ കമ്പനി നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കർഷക ഉൽപാദക കമ്പനികൾ (FARMER PRODUCER ORGANISATIONS) രജിസ്റ്റർ ചെയ്യാൻ ലളിതമായ നടപടിക്രമങ്ങൾ കൊണ്ടു വരണമെന്നു നിർദ്ദേശിച്ചു. സഹകരണമേഖലയെ നിയന്ത്രിക്കുന്നത് കർഷകരല്ലെന്നും രാഷ്ട്രീയക്കാരാണെന്നും കമ്മിറ്റി കണ്ടെത്തി. ഈ നിർദ്ദേശത്തെ തുടർന്ന് 2002-ൽ കമ്പനി നിയമം ഭേദഗതി ചെയ്ത് IXA

എന്ന പുതിയ വകുപ്പ് കമ്പനി നിയമത്തിൽ കൂട്ടിച്ചേർത്തു.

ഭേദഗതി ചെയ്യപ്പെട്ട കമ്പനി നിയമം 581– A മുതൽ 581–ZJ വരെയുള്ള വകുപ്പുകൾ പ്രകാരം 10 കർഷകർ ചേർന്ന് ഒരു കർഷക ഉൽപാദക കമ്പനി രജിസ്റ്റർ ചെയ്യാം. പരമാവധി അംഗങ്ങൾക്ക് (ഓഹരി ഉടമകൾക്ക്), യാതൊരു നിയന്ത്രണവുമില്ല. രാജ്യത്തെവിടെ വേണമെങ്കിലും കർഷക ഉൽപാദക കമ്പനികൾക്കു പ്രവർത്തിക്കാം.

പരമാവധി 20 അംഗങ്ങളുള്ള കർഷകരുടെ കൂട്ടായ്മകൾ, FIG-FARMER INTEREST GROUP രൂപീകരിക്കുകയും അങ്ങനെ 50 FIG കൾ ഒത്തുചേർത്ത് ഒരു FARMER PRODUCER COMPANY രൂപീകരിക്കുകയുമാണ് അഭികാമ്യം. കൂടുതൽ മൂലധനം ആവശ്യമുള്ളിടത്ത് കൂടുതൽ FIG കൾ രൂപീകരിക്കണം.

കർഷക ഉൽപാദക കമ്പനികൾ രജിസ്റ്റർ ചെയ്യാനായി 2002–ൽ തന്നെ കമ്പനി നിയമം ഭേദഗതി ചെയ്തെങ്കിലും കർഷക ഉൽപാദക കമ്പനികൾ രജിസ്റ്റർ ചെയ്യാനുള്ള GUIDE LINES പുറത്തിറങ്ങിയത് 2012 –2013 കാലഘട്ടത്തിലായിരുന്നു.

**കർഷക ഉൽപാദക കമ്പനികളുടെ തുടക്കം**

FARMER PRODUCER COMPANY/ORGANISATION നുകളുടെ തുടക്കം മദ്ധ്യപ്രദേശിലാണ്. 2002–ൽ അരുൺ ജെയ്റ്റിലി കമ്പനി നിയമം കർഷക ഉൽപാദക കമ്പനി രൂപീകരണത്തിനായി ലളിതമാക്കിയെങ്കിലും ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാനാവാതെ വന്നതിനാൽ പിന്നീട് നടപടികളൊന്നുമുണ്ടായില്ല. എന്നാൽ മദ്ധ്യപ്രദേശിൽ പ്രവർത്തിക്കുന്ന ACTION FOR SOCIAL ADVANCEMENT എന്ന NGO കർഷക ഉൽപാദക കമ്പനികൾ എന്ന ആശയം കേന്ദ്രനിയമം വരുന്നതിനു മുമ്പു തന്നെ ബീഹാറിലും മദ്ധ്യപ്രദേശിലും വ്യാപകമായി നടപ്പിൽവരുത്തി. ഈ സംഘടനയുടെ പ്രവർത്തനഫലമായി മദ്ധ്യപ്രദേശ് സർക്കാർ കാർഷിക ഉൽപാദക കമ്പനികളുടെ ആദ്യ മൂന്നു വർഷത്തെ മുഴുവൻ പ്രവർത്തനചിലവ് ഏറ്റെടുക്കുകയും അതുകൂടാതെ 25 ലക്ഷം രൂപയുടെ പ്രവർത്തനമൂലധനം [WORKING CAPITAL] നൽകുകയും FPC കൾ സ്ഥാപിക്കാൻ സർക്കാർ സ്ഥലം സൗജന്യമായി നൽകുകയും ചെയ്തു. ACTION FOR SOCIAL ADVANCEMENT കർഷക ഉൽപാദക കമ്പനി രൂപീകരണത്തിനായി 2004 മുതൽ നടത്തിയ ചിട്ടയായ നടപടിക്രമങ്ങളാണ് 2013–ൽ കേന്ദ്ര കൃഷിമന്ത്രാലയം FARMER PRODUCER COMPANY കളുടെ മാർഗ്ഗനിർദ്ദേശങ്ങളായി പുറത്തിറക്കിയത്.

ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം രാജ്യത്തൊട്ടാകെ 7374 കർഷക ഉൽപാദക കമ്പനികൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം

നടത്തുന്നു. എന്നാൽ നബാർഡു കണക്കു പ്രകാരം 3356 കർഷക ഉൽപാദക കമ്പനികളാണ് രാജ്യത്തു പ്രവർത്തിക്കുന്നത്. അതിൽ 852 എണ്ണം എസ്.എഫ്.എ.സി (SFAC) വഴി രൂപീകരിച്ചതും 348 എണ്ണം കർഷകർ സ്വന്തം നിലയിൽ രൂപീകരിച്ചതും 2156 എണ്ണം നബാർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ചതുമാണ്. കേരളത്തിൽ 131 കർഷക ഉൽപാദക കമ്പനികളാണുള്ളത്.

കേന്ദ്ര കൃഷിവകുപ്പിനു കീഴിലുള്ള SMALL FARMERS AGRI BUSINESS CONSORTIUM ആർക്കു വേണമെങ്കിലും FARMER PRODUCER COMPANY കൾ രൂപീകരിക്കാൻ സഹായങ്ങൾചെയ്തുതരും.

**കർഷക ഉൽപാദക കമ്പനി വിവിധ ഘട്ടങ്ങൾ**

കർഷക ഉൽപാദക കമ്പനികൾ ആരംഭിക്കാനുള്ള ഘട്ടങ്ങളിങ്ങനെയാണ്

1. സമാനചിന്താഗതിക്കാരായ/പ്രവർത്തനശൈലിയുള്ള കർഷകരുടെ ക്ളസ്റ്റർ കണ്ടെത്തൽ (CLUSTER IDENTIFICATION)
2. അങ്ങനെ ഒരു കൂട്ടായ്മയായി മാറുന്ന കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ വിലയിരുത്തൽ (DIAGNOSTIC STUDY)
3. കൃഷി എങ്ങനെ ലാഭകരമാക്കാമെന്നതിനെപ്പറ്റിയുള്ള പഠനം (FEASIBILITY ANALYSIS)
4. ഇങ്ങനെ തിരഞ്ഞെടുക്കുന്ന സമൂഹത്തിന്റെ അടിസ്ഥാനവിവരശേഖരണം (BASE LINE ASSESSMENT)
5. സാഹചര്യത്തിനനുസൃതമായ ഏറ്റവും മികച്ച ബിസിനസ്സ് മോഡൽ പ്ലാനിംഗ് (BUSINESS PLANNING)
6. കർഷരുടെ കൂട്ടായ്മ സംഘടിപ്പിക്കലും ഒത്തുചേരലും (MOBILISATION OF FARMERS)
7. കർഷക ഉൽപാദകസംഘങ്ങൾ രൂപീകരണനടപടികൾ (ORGANIZING AND FORMALIZING)
8. കർഷക ഉൽപാദകസംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കാനാവശ്യമായ കാര്യങ്ങൾ കണ്ടെത്തൽ (RESOURCE MOBILISATION)
9. കർഷക ഉൽപാദകസംഘങ്ങൾക്കാവശ്യമായ സംവിധാനമൊരുക്കൽ (SYSTEM DEVELOPMENT)
10. ലാഭകരമായ ബിസിനസ്സ് നടത്തിപ്പ് (BUSINESS OPERATION)
11. പ്രവർത്തനവിലയിരുത്തലും ഓഡിറ്റിംഗും (ASSESSMENT AND AUDIT)

കർഷക ഉൽപാദക കമ്പനികൾ (FPC/FPO) രജിസ്റ്റർ ചെയ്തു പ്രവ

ർത്തിക്കാൻ 2013-ൽ കേന്ദ്രസർക്കാർ ആദ്യത്തെ മൂന്നു വർഷം 40.26 ലക്ഷം രൂപാ സൗജന്യ ധനസഹായം നൽകിയിരുന്നു. എന്നാൽ കേരളത്തിലെ ഒരു കർഷക ഉൽപാദക കമ്പനിക്കുപോലും ഇത്തരമൊരു സഹായം ലഭിച്ചിട്ടില്ല.

**കർഷക ഉൽപാദക കമ്പനിക്കു നൽകാവുന്ന സേവനങ്ങൾ**

കർഷക ഉൽപാദക കമ്പനികൾക്കു കർഷകർക്കു നൽകാവുന്ന സേവനങ്ങൾ (FPO SERVICE MODEL) താഴെ പറയുന്നവയാണ്.

1. കൃഷി ഇറക്കാൻ ആവശ്യമായ ധനസഹായം നേടിക്കൊടുക്കലടക്കമുള്ള സാമ്പത്തിക സേവനങ്ങൾ (FINANCIAL SERVICE).
2. കൃഷിക്കാവശ്യമായ വിത്ത്, വളം, അടക്കമുള്ള സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലക്ക് ലഭ്യമാക്കൽ (INPUT SUPPLY SRVICE)
3. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കലും സ്റ്റോർ ചെയ്യലും പാക്കിംഗും (PROCUREMENT AND PACKAGING SERVICES)
4. കാർഷിക ഉൽപ്പന്നങ്ങൾക്ക് ലാഭകരമായ വിപണി കണ്ടെത്തൽ- ഇടനിലക്കാരെ ഒഴിവാക്കൽ (MARKETING SERVICES)
5. കർഷർക്കാവശ്യമായ ഇൻഷുറൻസ് സേവനങ്ങൾ നൽകൽ. (INSURANCE SRVICES)
6. കൃഷിയെ ലാഭകരമാക്കാനും ആധുനികവിദ്യകളുപയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള സേവനങ്ങൾ (TECHNICAL SERVICES)
7. വിവിധ സംസ്ഥാനങ്ങളിലെയും വിവിധ ജില്ലകളിലെയും കർഷക ഉൽപാദകസംഘങ്ങളെ കോർത്തിണക്കൽ (NET WORKING SERVICES)

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാൻ റബർ കൃഷിയും നെൽകൃഷിയും ആദായകരമാക്കാൻ ആവശ്യമായ റൈസ് മില്ലുകളും ടയർ കമ്പനികളും നിരവധി കർഷകമാർക്കറ്റുകളും സ്ഥാപിക്കാൻ കർഷക ഉൽപാദക കമ്പനികൾ തന്നെ സ്ഥാപിക്കപ്പെടണം.

**കാർഷിക വികസനത്തിനായി പുതിയ 10,000 കർഷക ഉൽപാദക കമ്പനികൾ**

രാജ്യത്ത് 10,000 കർഷക ഉൽപാദക സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് ഒരു സ്ട്രാറ്റജി പേപ്പർ (Strategy Paper) കേന്ദ്രസർക്കാർ 2019-ൽ പുറത്തിറക്കിയിരുന്നു. അപ്രകാരം ഏറ്റവും കുറഞ്ഞത് 300 അംഗങ്ങളെങ്കിലുമുള്ള 10,000 കർഷക ഉൽപാദക കമ്പനികൾ രൂപീകരിക്കാൻ കേന്ദ്രസർക്കാർ നബാർഡിനെയും (NABARD) ദേശീയ സഹകരണ വികസന കോർപറേഷനെയും (NCDC) സ്മോൾ ഫാർമർ

അഗ്രി ബിസിനസ് കൺസോർഷ്യത്തെ (SFAC) യും ചുമതലപ്പെടുത്തിയിരിക്കുന്നു. 2020 ഫെബ്രുവരി 29-ാം തീയതിയിലെ 28011/1/2020-ന-11 (P) ഉത്തരവു പ്രകാരം 10,000 കർഷക ഉൽപാദക കമ്പനികൾ രൂപീകരിക്കാനുള്ള ഉത്തരവ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചു.

കർഷക ഉൽപാദക കമ്പനികൾ രൂപീകരിച്ച് ബിസിനസ് ആരംഭിക്കാൻ കേന്ദ്രസർക്കാർ ഓരോ കർഷക ഉൽപാദക കമ്പനിക്കും ആദ്യത്തെ 3 വർഷം 16 ലക്ഷം രൂപാ സബ്സിഡി നൽകും. കൂടാതെ 15 ലക്ഷം രൂപയുടെ സൗജന്യ ഓഹരി ഗ്രാന്റും നൽകും. ഓരോ കർഷകനും കർഷക ഉൽപാദക കമ്പനിയിൽ എടുക്കുന്ന 2000 രൂപയുടെ ഷെയറിനു തുല്യമായ തുക കേന്ദ്രസർക്കാർ ഓഹരി മൂലധനമായി നൽകും. ഒരു കർഷക ഉൽപാദക കമ്പനിക്ക് ഇത് പരമാവധി 15 ലക്ഷം രൂപയായിരിക്കും.

കർഷക ഉൽപാദക കമ്പനികൾ രൂപീകരിക്കാൻ കർഷകരെ സഹായിക്കാനായി ക്ലസ്റ്റർ ബേസ്ഡ് ബിസിനസ് ഓർഗനൈസേഷനുകളെ നിയമിക്കുന്നതിനും കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരിക്കുന്നു.

അടുത്ത അഞ്ചു വർഷത്തിൽ ഓരോ വർഷവും പുതിയതായി ആരംഭിക്കുന്ന കർഷക ഉൽപാദക കമ്പനികളുടെ എണ്ണം താഴെ പറയുന്നവയാണ്.

| *വർഷം* | *എണ്ണം* | *വർഷം* | *എണ്ണം* |
|---|---|---|---|
| 2019-20 | 250 | 2020-21 | 1000 |
| 2021-22 | 2500 | 2022-23 | 4500 |
| 2023-24 | 1750 | ആകെ | 10,000 |

എന്തായാലും ഈ അവസരം നമുക്കു ഫലപ്രദമായി വിനിയോഗിക്കാം. സംസ്ഥാനതലത്തിൽ സംയോജിതമായി, പ്രൊഫഷണലായി പ്രവർത്തിക്കുന്ന കർഷക ഉൽപാദക കമ്പനികൾ നിയന്ത്രിക്കുന്ന നാട്ടുചന്തകൾക്കായി നമുക്കൊന്നിക്കാം.

---

*''ഫാർമേഴ്സ് ഫസ്റ്റ്'' എന്ന കർഷക ഗ്രൂപ്പ്, കേരളത്തിലെ ഏറ്റവും അറിയപ്പെടുന്ന ഉപഭോക്തൃ സംഘടനയായ സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ എന്നിവയുടെ സ്ഥാപകനും മുഖ്യ ഉപദേഷ്ടാവുമാണ് ലേഖകൻ.*

Mobile 9497340829, Whats App 9562856319,
Email vadakkan.james @gmail.com

❖❖❖

# ഹരിതസമൃദ്ധി 2020-22

**_SFURTI_ കർഷക സംഗമം**

*MSME* യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'സ്ഫൂർത്തി' പദ്ധതിയിൽ കണ്ണിചേരാൻ താത്പര്യമുള്ള കർഷകരുടെ പ്രാദേശിക സംഗമങ്ങൾ ചാസിന്റെ വിവിധ യൂണിറ്റുകളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം എന്നിവർ പ്രോജക്ട് അവതരിപ്പിച്ചു.

| *തീയതി* | *യൂണിറ്റ്* |
|---|---|
| ജൂലൈ 31 | വൈശ്യംഭാഗം |
| ആഗസ്റ്റ് 01 | ചമ്പക്കുളം, പുല്ലങ്ങടി |
| ആഗസ്റ്റ് 06 | നർബോനപുരം, നസ്രത്ത്, പൊങ്ങ |
| ആഗസ്റ്റ് 20 | മുട്ടാർ ഓൾഡ് |
| ആഗസ്റ്റ് 22 | പാണ്ടി |
| സെപ്റ്റം. 10 | എടത്വാ |
| സെപ്റ്റം. 15 | പച്ച-ചെക്കിടിക്കാട് |



### * മഴക്കൊയ്ത്ത്

**(a) മഴവെള്ളസംഭരണി**

| *സംഭരണശേഷി* | *എണ്ണം* | *സംഭരണശേഷി* | *എണ്ണം* |
|---|---|---|---|
| 65000 Ltrs FC tank | 1 | 20000 Ltrs FC tank | 1 |
| 30000 Ltrs FC tank | 1 | 12000 Ltrs FC tank | 2 |
| 25000 Ltrs FC tank | 1 | 10000 Ltrs FC tank | 2 |

**(b)** ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം യൂണിറ്റിൽ പലിശ രഹിത വായ്പ നൽകി നാല് മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തിയാക്കി.

### * ശുചിത്വനാട്

| *മാലിന്യസംസ്ക്കരണ ഉപാധികളുടെ വിതരണം* | *എണ്ണം* |
|---|---|
| (a) ബയോഗ്യാസ് പ്ലാന്റ് | 1 |
| (b) റിംഗ് കമ്പോസ്റ്റ് | 25 |

(c) മുച്ചട്ടി 15
(d) പൈപ്പ് കമ്പോസ്റ്റ് 8
(e) മണ്ണിരകമ്പോസ്റ്റ് 6

*** പോഷകത്തോട്ടം**

**(a) പച്ചക്കറി വിത്ത് വിതരണം നടത്തി**

മഴയിലും വെള്ളപ്പൊക്കത്തിലും പച്ചക്കറികൃഷി നശിച്ചുപോയ സ്വാശ്രയസംഘാംഗങ്ങൾക്കും ഫാർമേഴ്സ് ക്ലബ് അംഗങ്ങൾക്കും



ചാസ് ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ മാസം പച്ചക്കറിവിത്ത് സൗജന്യമായി വിതരണം ചെയ്തു.

| *മേഖല* | *കർഷകരുടെ എണ്ണം* |
|---|---|
| ചമ്പക്കുളം | 2050 |
| ചങ്ങനാശ്ശേരി | 150 |
| പുളിംകുന്ന് | 320 |
| എടത്വാ | 204 |
| കോട്ടയം | 29 |
| അതിരമ്പുഴ | 105 |
| കുടമാളൂർ | 130 |

**(b) വാഴവിത്ത് വിതരണം ചെയ്തു**

ചാസ് 'ഹരിതസമൃദ്ധി' പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി, എടത്വാ, ചമ്പക്കുളം, പുളിംകുന്ന്, നെടുംകുന്നം, കുടമാളൂർ, തുരുത്തി മേഖലകളിലെ വിവിധ യൂണിറ്റുകളിൽ സെപ്റ്റംബർ മാസം 7500 ഏത്തവാഴവിത്തുകൾ വിതരണം ചെയ്തു.

*** വളർത്തുകൂട്ടം**

**(a) മുട്ടക്കോഴിക്കുഞ്ഞുവിതരണം നടത്തി**

ചാസ് 'ഹരിതസമൃദ്ധി' പദ്ധതിയുടെ ഭാഗമായി 60 ദിവസം പ്രായമായ 500 നാടൻ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സെപ്റ്റംബർ മാസം വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു.

# കുട്ടനാട് പുനർനിർമ്മാണ പദ്ധതി

## (A) അതിരൂപതാ ഭവനനിർമ്മാണ പദ്ധതി

*(2020 ജൂലൈ -സെപ്റ്റംബർ)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| കുട്ടമംഗലം | 1 | 2 | 30,000 |
| അറുന്നൂറ്റിൻപാടം | 3 | 2 | 1,30,000 |
| കിടങ്ങറ | 1 | 1 | 90,000 |
| കൈനകരി | 5 | 1,2 | 2,250,000 |
| ചമ്പക്കുളം | 2 | 2 | 65,000 |
| പുല്ലങ്ങടി | 2 | 2 | 45,000 |
| ചങ്ങംകരി | 1 | 3 | 40,000 |
| ഒന്നാംകര | 1 | 2 | 20,000 |
| പുഴവാത് | 1 | 2 | 50,000 |
| മായം | 2 | 2 | 1,00,000 |
| പച്ചക്കാട് | 1 | 2 | 40,000 |
| കാവാലം സെന്റ് തെരേസാസ് | 3 | 2 | 65,000 |
| ചങ്ങനാശ്ശേരി | 1 | 1 | 50,000 |
| കണ്ണാടി സെന്റ് റീത്താസ് | 1 | 2 | 50,000 |
| വടക്കേഅമിച്ചകരി | 1 | 2 | 15,000 |
| മുട്ടാർ ഓൾഡ് | 1 | 2 | 50,000 |
| കുമരാനല്ലൂർ | 1 | 2 | 40,000 |
| ആർപ്പൂക്കര | 1 | 1 | 1,00,000 |
| തടിയൂർ | 1 | 2 | 1,00,000 |
| കാവാലം ലിസ്യൂ | 1 | 2 | 25,000 |
| **ആകെ** | **31** | | **13,30,000** |

## (B) ചാസ് ഭവനനിർമ്മാണ പദ്ധതി

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| ചമ്പക്കുളം | 1 | 2 | 75,000 |
| കൈനടി | 2 | 2 | 40,000 |
| ചീപ്പുങ്കൽ | 1 | 2 | 10,000 |
| നസ്രത്ത് | 1 | 3 | 25,000 |
| പെരുംകാവ് | 1 | 3 | 6,000 |
| വേഴപ്രാ | 2 | 1,3 | 35,000 |
| കാവാലം സെന്റ് ജോസഫ്സ് | 1 | 2 | 1,00,000 |

| | | | |
|---|---|---|---|
| പുഴവാത് | 2 | 1,2 | 1,00,000 |
| കുമരകം | 1 | 4 | 25,000 |
| വെളിയനാട് | 1 | 3 | 5,000 |
| വടക്കേഅമിച്ചകരി | 2 | 4 | 80,000 |
| മനയ്ക്കച്ചിറ | 1 | 1 | 1,00,000 |
| പള്ളാത്തുരുത്തി | 1 | 3 | 25,000 |
| മാമ്പുഴക്കരി | 1 | 4 | 25,000 |
| പടഹാരം | 1 | 5 | 5,000 |
| കിഴക്കേമിത്രക്കരി | 1 | 3 | 40,000 |
| ഫിൽഗിരി | 2 | 2 | 10,000 |
| തെക്കേക്കര | 1 | 3 | 15,0000 |
| ചങ്ങംകരി | 1 | 3 | 10,000 |
| പച്ച ചെക്കിടിക്കാട് | 1 | 4 | 70,000 |
| നരിക്കൽ | 1 | 1 | 25,000 |
| മുട്ടാർ ന്യൂ | 1 | 1 | 25,000 |
| എടത്വാ | 2 | 3,4 | 30,000 |
| കൂലിപ്പുര | 1 | 1 | 50,000 |
| കൈനകരി | 1 | 3 | 5,000 |
| **ആകെ** | **31** | | **10,71,000** |

### (C) അഗാപ്പേ ഭവനപുനർനിർമ്മാണ പദ്ധതി

ജർമ്മനിയിലെ Christus Koenig Kirche, Gemen Borken ന്റെ സഹായത്തോടെ ഭവനപുനർനിർമ്മാണത്തിന് സഹായം അനുവദിച്ചു.

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| പുല്ലങ്ങടി | 2 | 1 | 80,000 |
| തേക്കുപാറ | 1 | 1 | 40,000 |
| അറുന്നൂറ്റിൻപാടം | 1 | 1 | 1,00,000 |
| എഴുമറ്റൂർ | 1 | 1 | 50,000 |
| മാമ്മൂട് | 1 | 1 | 50,000 |
| കൈനകരി | 1 | 1 | 75,000 |
| വെളിയനാട് നോർത്ത് | 1 | 1 | 50,000 |
| എടത്വാ | 1 | 1 | 50,000 |
| ചമ്പക്കുളം | 2 | 1 | 1,50,000 |
| പുളിംകുന്ന് | 1 | 1 | 60,000 |
| കുറുമ്പനാടം | 1 | 1 | 1,00,000 |
| ഖാദി ഫുഡ് പൊഡക്ട് | 1 | 1 | 1,00,000 |
| **ആകെ** | **14** | | **9,05,000** |



## തണൽ

**ചാസ് സഹായ പദ്ധതികൾ**

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 ജൂലൈ- സെപ്റ്റംബർ മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

**(1) SHG മരണാനന്തര സഹായം (10,000 രൂപ വീതം 18 കുടുംബങ്ങൾക്ക് 1,80,000 രൂപ നൽകി)**

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 465. സരോജം തങ്കപ്പൻ | ജ്യോതിസ് | മായം | അമ്പൂരി |
| 467. വിക്രമൻ ബോബൻവിലാസം | രാജഗിരി | രാജഗിരി | അമ്പൂരി |
| 468. എൽസമ്മ സേവ്യർ | ദീപം | കിഴക്കേമിത്രക്കരി | എടത്വാ |
| 469. വൽസമ്മ ജോസഫ് | ഒരുമ | ആറുമാനൂർ | അതിരമ്പുഴ |
| 470. കെ.എസ്. സെബാസ്റ്റ്യൻ | ഒരുമ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 471. ബഷീർ പി.എ. | കൃപാസനം | ആറാട്ടുവഴി | ആലപ്പുഴ |
| 472. ത്രേസ്യാമ്മ സെബാസ്റ്റ്യൻ | ജ്യോതിസ് | കരുവാറ്റ | എടത്വാ |
| 473. ലത മൈക്കിൾ | സഹൃദയ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 474. മേരി ജോസഫ് | കരുണ | വെട്ടിമുകൾ | അതിരമ്പുഴ |
| 475. സതി രാജു | ഏയ്ഞ്ചൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 476. ദേവസ്യ എം. ജെ. | നവജ്യോതി | ഇത്തിത്താനം | തുരുത്തി |
| 477. കുഞ്ഞുമോൾ ദേവസ്യാ | ആശാജീവൻ | ചീപ്പുങ്കൽ | കുടമാളൂർ |
| 478. ഫിലിപ്പ് ആന്റണി | തേജസ് | ഇത്തിത്താനം | തുരുത്തി |

| | | | |
|---|---|---|---|
| 479. കുഞ്ഞുമോൻ ചാക്കോ | യുവശക്തി | പച്ച | എടത്വാ |
| 480. കുഞ്ഞമ്മ കേശവൻ | ഉഷസ്സ് | പായ്പ്പാട് | തൃക്കൊടിത്താനം |
| 481. സുഷമ്മ പ്രസന്നൻ | കൃപ | രാമങ്കരി | പുളിംകുന്ന് |
| 482. സിന്ധു രാജപ്പൻ | കൃപ | തകഴി | എടത്വാ |
| 483. റ്റി. സി. ശൗര്യാർ | കർഷകശ്രീ | കൊടുപ്പുന്ന | എടത്വാ |

## (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം (10,000 രൂപ വീതം 37 കുടുംബങ്ങൾക്ക് 3,70,000 രൂപ നൽകി)**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 381. ഔസേഫ് ഫിലപ്പ് | പാദുവാപുരം | ആലപ്പുഴ |
| 382. ദേവസ്യാ മുണ്ടുവേലിമുകളേൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 383. ഏലിയാമ്മ വർക്കി പ്ലാത്തറ | ആര്യങ്കാവ് | കൊല്ലം |
| 384. ഓമനയമ്മ നാരായണവിലാസം | ആര്യങ്കാവ് | കൊല്ലം |
| 385. അന്നമ്മ കെ. കാട്ടിപറമ്പിൽ | മുഹമ്മ | ആലപ്പുഴ |
| 386. ജോർജ്ജ് ജോസഫ് ഇലവുംമൂട്ടിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 387. മേരി മാത്യു തുറശ്ശേരി | തത്തംപള്ളി | ആലപ്പുഴ |
| 388. ജിനുമോൻ, കൊച്ചുപറമ്പ് | വെളിയനാട് | ചമ്പക്കുളം |
| 389. സി.ജെ. വർഗ്ഗീസ് ചിറയിൽ | അമ്പൂരി | അമ്പൂരി |
| 390. സരോജം തടത്തരികത്ത് | മായം | അമ്പൂരി |
| 391. മിനിമോൾ സണ്ണിച്ചൻ | ചേന്നംകരി | ചമ്പക്കുളം |
| 392. സരോജനിയമ്മ പി.കെ. പ്രകാശ് ഭവൻ | ചമ്പക്കര | നെടുംകുന്നം |
| 393. പൊന്നമ്മ സി.കെ. ശ്രീപദം | ചമ്പക്കര | നെടുംകുന്നം |
| 394. ത്രേസ്യാമ്മ ജോസഫ്, പനയ്ക്കച്ചിറ | മാന്നില | കുറുമ്പനാടം |
| 395. എൽസമ്മ പാപ്പച്ചൻ നാലുപറ | കിഴക്കേ മിത്രക്കരി | എടത്വ |
| 396. അന്നമ്മ ജോയി കുന്നേൽ | മരിയാപുരം | എടത്വാ |
| 397. തോമസ് വർഗ്ഗീസ് ചേപ്ലാംനിക്കൽ | വള്ളംചിറ | മണിമല |
| 398. വർഗ്ഗീസ് ജോസഫ്, പാലമുറി | പാറേൽ | ചങ്ങനാശ്ശേരി |
| 399. മേരിക്കുട്ടി ജോസഫ്, മരങ്ങാട്ട് | ളായിക്കാട് | ചങ്ങനാശ്ശേരി |
| 400. സാവിത്രി വി.റ്റി. വലിയകാലായിൽ | ചമ്പക്കര | നെടുംകുന്നം |
| 401. പി.റ്റി. മാത്യു പടികരമല | വെട്ടിമുകൾ | അതിരമ്പുഴ |
| 402. സതി രാജു, സത്യാലയം | വെട്ടിമുകൾ | അതിരമ്പുഴ |
| 403. കുഞ്ഞുമോൻ ചാക്കോ, വാഴപ്പറമ്പ് | പച്ച | എടത്വാ |
| 404. തോമസ് ദേവസ്യ, വലിയവീട് | ചങ്ങംകരി | എടത്വാ |
| 405. കുഞ്ഞുപെണ്ണ്, കൈപ്പനാട്ട്ചാരുവിള | നരിക്കൽ | കൊല്ലം |
| 406. പി.വി. തോമസ്, പുതുക്കരിപുതിയമഠം | കൊണ്ടാക്കൽ | ചമ്പക്കുളം |
| 407. പി.എ. ബഷീർ നിലംനികർത്തിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 408. റൂബി ഡിജോ, കേളൻചേരി | ചങ്ങംകരി | എടത്വാ |

| | | |
|---|---|---|
| 409. വൽസമ്മ ജോസഫ്, പാറയ്ക്കൽ | മായം | അമ്പൂരി |
| 410. കാസിംകുഞ്ഞ്, സീനത്ത് മൻസിൽ | ഫിൽഗിരി | കൊല്ലം |
| 411. ജോൺ ഡി, കാരുവേലിൽ | ഫിൽഗിരി | കൊല്ലം |
| 412. കുഞ്ചറിയ, മുണ്ടകത്തിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 413. ഗീത എസ്. തോമസ് വട്ടപ്പറമ്പിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 414. റ്റി. സി. ശൗര്യാർ, ഇരുപത്തിമൂന്നിൽചിറ | കൊടുപ്പുന്ന | എടത്വാ |
| 415. ഈത്തമ്മ, ചെത്തിപ്പുഴ | കുറുമ്പനാടം | കുറുമ്പനാടം |
| 416. ജോസഫ് ജോസഫ്, വലിയകളം | മുട്ടാർ ഓൾഡ് | എടത്വാ |
| 417. എം. വി. വർഗ്ഗീസ്, ആറ്റുപുറത്ത്മൂന്നംകരി | മുട്ടാർ ഓൾഡ് | എടത്വാ |
| 418. ഷിബു വി.കെ. വെങ്ങോലിക്കൽ | നെടുമണ്ണി | നെടുംകുന്നം |
| 419. എൻ. ബാബു ലക്ഷ്മി വിലാസം | ചമ്പക്കുളം | ചമ്പക്കുളം |

- **ചികിത്സാസഹായം (5,000 രൂപ വീതം 17 കുടുംബങ്ങൾക്ക് 85,000 രൂപ നൽകി)**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 191. ബാബു ആന്റണി വീയപുരം | നാലുകോടി | തൃക്കൊടിത്താനം |
| 192. റോസമ്മ റെജി ചിറ്ററയ്ക്കൽ | നാലുകോടി | തൃക്കൊടിത്താനം |
| 193. കുഞ്ഞുമോൾ ജേക്കബ് മുട്ടത്തേട്ട് | നാലുകോടി | തൃക്കൊടിത്താനം |
| 194. സിബിച്ചൻ തോമസ് വേഷ്ണാൽ | നാലുകോടി | തൃക്കൊടിത്താനം |
| 195. കുഞ്ഞമ്മ മാത്യു പുതുപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 196. അന്നമ്മ ജോസഫ് പുതുക്കുളം | നാലുകോടി | തൃക്കൊടിത്താനം |
| 197. മറിയക്കുട്ടി തോമസ് വലിയപറമ്പിൽ | നാലുകോടി | തൃക്കൊടിത്താനം |
| 198. റോസമ്മ ജോസഫ് അഴിമുഖം | നാലുകോടി | തൃക്കൊടിത്താനം |
| 199. തങ്കമ്മ തോമസ് കണ്ണംതറ | നാലുകോടി | തൃക്കൊടിത്താനം |
| 200. വിജയമ്മ രാജു എസ്.വി. വില്ല | നാലുകോടി | തൃക്കൊടിത്താനം |
| 201. ജെസമ്മ ബനഡിക്ട പാട്ടത്തിൽ | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 202. ലില്ലിക്കുട്ടി ജോസഫ് പത്തിൽചിറ | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 203. മേരിക്കുട്ടി തോമസ്, ചാലുങ്കൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 204. ഗിരിജ അനിൽകുമാർ മഠത്തുംപറമ്പ് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 205. ജെസ്സി ജോസഫ് മുട്ടത്ത് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 206. ഷേർളി ബൈജു കോയിപ്പള്ളി | പുഴവാത് | ചങ്ങനാശ്ശേരി |
| 207. സിന്ധു സജി, വെള്ളപ്പങ്കരിയിൽ | പുഴവാത് | ചങ്ങനാശ്ശേരി |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 ജൂലൈ– സെപ്റ്റംബർ മാസങ്ങളിൽ 95,000 രൂപ അനുവദിച്ചു.

### (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2020 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ 3 കുടുംബങ്ങൾക്ക് ചികിത്സാ ചെലവിനത്തിൽ 17,350 രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. എലിസബത്ത് മത്തായി, ഓടേറ്റിൽ | വെരൂർ | 6,000 |
| 2. മാത്യു സെബാസ്റ്റ്യൻ, മുരിയങ്കാവുങ്കൽ | കുറുമ്പനാടം | 6,250 |
| 3. അന്നമ്മ കുഞ്ഞുമോൻ പുന്നപ്പറമ്പിൽ | പുതുക്കരി | 5,100 |

### (5) സേവ് എ ഫാമിലി പ്ലാൻ (SAFP)

(5.1) 2020 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ 118 കുടുംബങ്ങൾക്ക് 16,22,015 രൂപ സഹായധനം അനുവദിച്ചു.

(5.2) സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതി യിലേയ്ക്ക് കുട്ടനാട്, ചങ്ങനാശ്ശേരി, അതിരമ്പുഴ മേഖലകളിൽ നിന്നും 58 കുടുംബങ്ങളെ പുതുതായി തെരഞ്ഞെടുത്തു.

| *യൂണിറ്റ്* | *കുടുംബങ്ങൾ* |
|---|---|
| ചമ്പക്കര | 2 |
| നെടുംകുന്നം | 1 |
| മാടപ്പള്ളി | 4 |
| വള്ളംചിറ | 2 |
| ചെത്തിപ്പുഴ | 1 |
| എടത്വാ | 1 |
| ചേന്നംകരി | 2 |
| പുല്ലങ്ങടി | 5 |
| കൊണ്ടാക്കൽ | 4 |
| അതിരമ്പുഴ ലിസ്യു | 3 |
| വെട്ടിമുകൾ | 4 |
| വെളിയനാട് കേസറിയ | 2 |
| ചമ്പക്കുളം | 1 |
| ആർപ്പൂക്കര | 3 |
| നെടുമണ്ണി | 1 |
| നാലുകോടി | 2 |
| മാന്നില | 1 |
| കുമരംകരി | 1 |
| മരിയാപുരം | 1 |
| വടക്കേഅമിച്ചകരി | 1 |
| മങ്കൊമ്പ് തെക്കേക്കര | 1 |
| ചമ്പക്കുളം | 3 |
| പുതുക്കരി | 1 |
| ഏറ്റുമാനൂർ | 3 |
| കുടമാളൂർ | 2 |
| പുല്ലങ്ങടി | 2 |
| അതിരമ്പുഴ | 4 |

### (6) കരുതൽ-കോവിഡ് കാലഘട്ടത്തിൽ കാൻസർ-വൃക്ക രോഗി കൾക്കുള്ള ചികിത്സാസഹായപദ്ധതി

| *യൂണിറ്റ്* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| കുടമാളൂർ | 10 | 20000 |

| | | |
|---|---|---|
| കിളിരൂർ | 3 | 6000 |
| ആർപ്പൂക്കര | 6 | 12000 |
| മുടിയൂർക്കര | 8 | 16000 |
| വില്ലൂന്നി | 3 | 6000 |
| കുമാരനല്ലൂർ | 2 | 4000 |
| പങ്ങട | 1 | 2000 |
| ചേപ്പുംപാറ | 8 | 16000 |
| വടവാതൂർ | 2 | 4000 |
| അയർക്കുന്നം | 16 | 32000 |
| കൂരോപ്പട | 3 | 6000 |
| കടയനിക്കാട് | 2 | 4000 |
| കരിമ്പനക്കുളം | 9 | 18000 |
| വള്ളംചിറ | 6 | 12000 |
| കുളത്തൂർ | 3 | 6000 |
| മണിമല ഓൾഡ് | 2 | 4000 |
| വെട്ടിമുകൾ | 6 | 12000 |
| ആറുമാനൂർ | 11 | 22000 |
| നാൽപ്പാത്തിമല | 4 | 8000 |
| കോട്ടയ്ക്കപ്പുറം | 7 | 14000 |
| മണ്ണാർകുന്ന് | 11 | 22000 |
| തെള്ളകം | 1 | 2000 |
| അതിരമ്പുഴലിസ്യൂ | 2 | 4000 |
| കട്ടച്ചിറ | 2 | 4000 |
| പുന്നത്തുറ | 5 | 10000 |
| മാന്നാനം | 4 | 8000 |
| ഏറ്റുമാനൂർ | 9 | 18000 |
| അതിരമ്പുഴ | 10 | 20000 |
| **ആകെ** | **156** | **3,12,000** |

### (7) അഗാപ്പേ വിദ്യാഭ്യാസ സഹായ പദ്ധതി

ജർമ്മനിയിലെ Christus Koenig Kirche, Gemen Borken ന്റെ സഹായത്തോടെ ഉന്നത പഠനത്തിന് 11 വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 21 വെള്ളിയാഴ്ച 2,81,500 രൂപയുടെ സഹായവിതരണം നടത്തി.

# കേന്ദ്രവാർത്തകൾ

## (1) CEI, CHASS Covid ബോധവത്ക്കരണം

ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസുമായി സഹകരിച്ച് കോവിഡിനൊപ്പം ജീവിക്കാൻ സമൂഹത്തെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ചാസ് പ്രാദേശിക യൂണിറ്റുകളുടെ ഭാരവാഹികൾക്കു വേണ്ടി പരിശീലന പരിപാടി സംഘടിപ്പിച്ചു. കോവിഡ് കാലത്ത് ജീവിതം സജീവമാക്കാൻ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ, ഭാവി പ്രവർത്ത




നങ്ങളുടെ രൂപരേഖ തയാറാക്കൽ തുടങ്ങിയ വിഷയങ്ങൾ പരിപാടിയിൽ ചർച്ച ചെയ്തു.

| *തീയതി* | *ToT സംഘടിപ്പിച്ച യൂണിറ്റുകൾ* |
|---|---|
| 02.07.2020 | കുറിച്ചി |
| 04.07.2020 | കൂരോപ്പട |
| 06.07.2020 | തൃക്കൊടിത്താനം |
| 07.07.2020 | മുട്ടാർ ഓൾഡ് |
| 09.07.2020 | അതിരമ്പുഴ |
| 13.07.2020 | മാന്നില |
| 16.07.2020 | കൂത്രപ്പള്ളി |
| 17.07.2020 | മണിമല |
| 15.09.2020 | ഏറ്റുമാനൂർ |
| 17.09.2020 | ചാഞ്ഞോടി |
| 17.09.2020 | ഇത്തിത്താനം |

## (2) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മേഖലാ PME

കോവിഡ് പ്രതിരോധനത്തിന് യൂണിറ്റ് ഭാരവാഹികളുടെ സജീവ സഹകരണം ഉറപ്പാക്കൽ, യൂണിറ്റ് ഇലക്ഷൻ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ, കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച ചാസ് 'ഹരിതസമൃദ്ധി' പദ്ധതി, മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം എന്നി

വയെക്കുറിച്ച് വിവയിരുത്തുന്നതിന് മേഖലാ PME കൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ മാർഗ്ഗനിർദ്ദേശം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 02.07.2020 | തുരുത്തി | കുറിച്ചി |
| 04.07.2020 | കോട്ടയം | കൂരോപ്പട |
| 06.07.2020 | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 07.07.2020 | എടത്വാ | മുട്ടാർ ഓൾഡ് |
| 09.07.2020 | അതിരമ്പുഴ | അതിരമ്പുഴ |
| 13.07.2020 | കുറുമ്പനാടം | മാന്നില |
| 16.07.2020 | നെടുംകുന്നം | കൂത്രപ്പള്ളി |
| 17.07.2020 | മണിമല | മണിമല |

### (3) കോവിഡ് പ്രതിരോധ സേന 'സമരിറ്റൻസ് ചങ്ങനാശ്ശേരി' പ്രവർത്തനം ആരംഭിച്ചു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി, ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ജൂലൈ 26 ന് 'സമരിറ്റൻസ് ചങ്ങനാശ്ശേരി' എന്ന പേരിൽ യുവദീപ്തി എസ്.എം.വൈ.എം., എ.കെ.സി.സി., ചാസ് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ സംയുക്ത സഹകരണത്തിൽ 248 അംഗ സന്നദ്ധസേനയ്ക്ക് രൂപം നൽകി. സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യവകുപ്പുമായി സഹകരിച്ച് സമരിറ്റൻസ് അതിരൂപതാതിർത്തിയിലുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങക്ക് നേതൃത്വം നൽകിവരുന്നു.

### (3.1) 'സമരിറ്റൻസ് ചങ്ങനാശ്ശേരി' ജില്ലാതല പരിശീലന പരിപാടികൾ

'സമരിറ്റൻസ് ചങ്ങനാശ്ശേരി' യുടെ ആലപ്പുഴ ജില്ലാതല പരിശീലനം ജൂലൈ 29-ാം തീയതി ബുധനാഴ്ച ഗൂഗിൾ മീറ്റിലൂടെ സംഘടിപ്പിച്ചു. ആലപ്പുഴ ജില്ല മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ, കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ മൃതശരീരം കൈകാര്യം ചെയ്യുന്ന വിധം, മൃതസംസ്കാരം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി ശ്രീ. ദീപു എൻ ക്ലാസ് നയിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആമുഖസന്ദേശം നൽകി.

'സമരിറ്റൻസ് ചങ്ങനാശ്ശേരി' കോട്ടയം ജില്ലാതല പരിശീലനം ആഗസ്റ്റ് 6-ാം തീയതി വ്യാഴാഴ്ച ഗൂഗിൽ മീറ്റിലൂടെ സംഘടിപ്പിച്ചു. കോട്ടയം DMO ഓഫീസിന്റെ നേതൃത്വത്തിൽ കോവിഡ് ബാധിച്ച് മരണമടയുന്നവരുടെ മൃതശരീരം കൈകാര്യം ചെയ്യേണ്ടവിധം, മൃത സംസ്ക്കാരം, ടെർമിനൽ കെയർ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് ജൂണിയർ കൺസൾട്ടന്റ് & ട്രയിനർ ശ്രീമതി ഡിനു എം. ജോയി ക്ലാസ് നയിച്ചു. വൈദികരും സിസ്റ്റേഴ്സും ഉൾപ്പടെ 60 സന്നദ്ധസേന പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു. ഡോക്ടർ അനിത (Deputy DMO, കോട്ടയം), ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

### (3.2) 'സമരിറ്റൻസ് ചങ്ങനാശ്ശേരി' ട്രെയ്നേഴ്സ് ട്രെയിനിങ് പ്രോഗ്രാം

കോവിഡ്-19 പ്രതിരോധ സേന 'സമരിറ്റൻസ് ചങ്ങനാശ്ശേരി' അംഗങ്ങൾക്ക് ആർച്ചുബിഷപ്പ്സ് ഹൗസിൽ ജൂലൈ 12 ന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിച്ചു. അതിരൂ




പതാംഗങ്ങളായ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളുമടങ്ങുന്ന സന്നദ്ധസേനയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുപത് അംഗങ്ങൾക്ക് കോവിഡ്-19 പ്രോട്ടോക്കോൾ അനുസരിച്ച് കോവിഡ് രോഗികളുടെ പരിചരണം, പി.പി.ഇ. കിറ്റ് ഉപയോഗം, മൃതദേഹസംസ്ക്കാരം തുടങ്ങിയ വിഷയങ്ങളിൽ ആരോഗ്യവകുപ്പ് ജൂണിയർ കൺസൾട്ടന്റ് & ട്രയിനർ ശ്രീമതി ഡിനു എം. ജോയി പരിശീലനം നൽകി. ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോസ് മുകളേൽ, ഫാ. ജേക്കബ് ചക്കാത്ര എന്നിവർ നേതൃത്വം നൽകി.

### (3.3) കോവിഡ്-19 സാമൂഹ്യ ബോധവത്ക്കരണം

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിന് ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസുമായി സഹകരിച്ച് 50000 കുടുംബങ്ങളിൽ ലഘുലേഖ വിതരണം ചെയ്തു. അതിരൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും കോവിഡ്-19 പ്രതിരോധമാർഗ്ഗങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ പതിച്ചു. ഏറ്റുമാനൂർ, മണിമല, എടത്വാ, പാറേൽ, പഴവങ്ങാടി തുടങ്ങിയ കേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട 55 ഇടവകകളിലും കോവിഡ് പ്രതിരോധ മാർഗ്ഗങ്ങൾ വിവരിക്കുന്ന ബോർഡുകൾ സ്ഥാപിച്ചു.

### (3.4) കമ്മ്യൂണിറ്റി റേഡിയോ-ബോധവത്ക്കരണം

റേഡിയോ മീഡിയാ വില്ലേജ്, റേഡിയോ നൈയ്തൽ ആലപ്പുഴ എന്നീ കമ്മ്യൂണിറ്റി റേഡിയോകളിലൂടെ കോവിഡ് 19 പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം ആഗസ്റ്റ് 15 മുതൽ നൽകിവരുന്നു.

### (4) 2020 വെള്ളപ്പൊക്ക ദിരുതാശ്വാസ പ്രവർത്തനം

### (4.1) വെള്ളപ്പൊക്ക മേഖലയിൽ ബ്രഡും പാലും വിതരണം ചെയ്തു

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും, മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും സഹകരണത്തോടെ മനയ്ക്കച്ചിറ,




വില്ലൂന്നി, ഫാത്തിമാപുരം, ആർപ്പൂക്കര, കിളിരൂർ, കുമരകംവടക്കുംകര എന്നീ യൂണിറ്റുകളിലെ 1000 കുടുംബങ്ങൾക്ക് ചാസിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 11, 12 തീയതികളിൽ ബ്രഡും പാലും വിതരണം ചെയ്തു.

## (4.2) മടവീണു നശിച്ച പാടശേഖരങ്ങൾ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം സന്ദർശിച്ചു

പ്രളയസമാനമായ വെള്ളപ്പൊക്കത്തിൽ മടവീണും ബണ്ടുകവിഞ്ഞു കയറിയും കൃഷിനശിച്ച കുട്ടനാട്ടിലെ പാടശേഖരങ്ങൾ ആഗസ്റ്റ് 19 ന് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം സന്ദർശിച്ചു. 30 മുതൽ 80 വരെ ദിവസങ്ങൾ പ്രായമായ ആയിരക്കണക്കിന് ഏക്കർ പാടശേഖരങ്ങളിലെ നെൽചെടികളാണ് കുട്ടനാട്ടിൽ നശിച്ചത്. വായ്പയെടുത്തും പണയംവച്ചും ഏക്കറിന് 60,000 രൂപ വരെ ചെലവഴിച്ചു കൃഷിയിറക്കിയ കർഷകർക്കു അർഹമായ നഷ്ടപരിഹാരം നൽകാൻ സർക്കാർ സന്നദ്ധമാകണമെന്ന് അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു.



ലക്ഷക്കണക്കിന് രൂപാ മുടക്കി മടകുത്തി വെള്ളം വറ്റിക്കാനുള്ള കഴിവ് ഇന്ന് കർഷകർക്കില്ല. അടിയന്തിരമായി അതിനുള്ള നടപടികൾ കൈക്കൊള്ളാൻ സർക്കാർ സന്നദ്ധമാകണം. ദുരിതാശ്വാസ സഹായമല്ല സുസ്ഥിരമായ വികസന പദ്ധതികളാണ് കുട്ടനാടൻ ജനതക്കാവശ്യം. ആറുകളിലും തോടുകളിലും വേമ്പനാട്ടുകായലിലും അടിഞ്ഞിരിക്കുന്ന എക്കൽ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കണമെന്നും അതുപയോഗിച്ചു പുറംബണ്ടുകൾ ബലപ്പെടുത്തണമെന്നും AC കനാൽ പള്ളാത്തുരുത്തി വരെ തുറക്കണമെന്നുമുള്ള പതിറ്റാണ്ടുകളായുള്ള കുട്ടനാട്ടുകാരുടെ ആവശ്യത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന നയം അംഗീകരിക്കാനാവില്ല. വാഗ്ദാനങ്ങളല്ല ക്രിയാത്മകമായ നടപടികളാണ് വേണ്ടത്. നാളിതുവരെ സർക്കാരിന്റെ ഒരു പ്രതിനിധിപോലും കുട്ടനാട് സന്ദർശിച്ചില്ല എന്നത് ഒരു ജനവിഭാഗത്തോടുള്ള സർക്കാരിന്റെ അവഗണനയും അനീതിയുമാണെന്നും ആർച്ചുബിഷപ്പ് പ്രതികരിച്ചു. കുട്ടനാട്ടിലെ ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽപെട്ട വിവിധ പാടശേഖ

രങ്ങൾ അദ്ദേഹം സന്ദർശിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, എകെസിസി ഡയറക്ടർ ഫാ. ജോസ് മുകളേൽ, ഫാ. ജോർജ്ജ് പനക്കേഴം, കർഷക പ്രതിനിധികൾ എന്നിവർ അദ്ദേഹത്തെ അനുഗമിച്ചു.



### (4.3) ഫുഡ്കിറ്റ് വിതരണം

പ്രളയദുരിതത്തിൽ കഷ്ടപ്പെടുന്ന കുട്ടമംഗലം, അറുന്നൂറ്റിൻ പാടം പ്രദേശത്തിലെ കുടുംബങ്ങൾക്ക് മാനന്തവാടി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ WSSS ന്റെയും ബയോവിൻ അഗ്രോറിസേർച്ച് സെന്ററിന്റെയും സഹായത്തോടെ സെപ്റ്റംബർ 10ന് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.

**ഈര, കൈനടി** യൂണിറ്റുകളിൽ ചാസിന്റെയും ESAF ബാങ്കിന്റെയും ആഭിമുഖ്യത്തിൽ 20 നിർദ്ധന കുടുംബങ്ങൾക്ക് ഫുഡ് കിറ്റ് വിതരണം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ESAF ബാങ്ക് ചങ്ങനാശ്ശേരി, ളായിക്കാട് ബ്രാഞ്ച് മാനേജർമാരായ ശ്രീ. രാകേഷ് പൈ, ശ്രീ. രത്നേഷ് എന്നിവർ നേതൃത്വം നൽകി.



**(5) പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ ചാസിന്റെ മഞ്ഞൾ-തേൻ വിപണിയിൽ**

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മഞ്ഞൾ -തേൻ വിപണിയിലെത്തി. അതിരൂപതാ കേന്ദ്രത്തിൽ സഹായമെത്രാൻ മാർ തോമസ് തറയിൽ വിപണനോദ്ഘാടനം നിർവ്വഹിച്ചു. കോട്ടയം,



ചങ്ങനാശ്ശേരി, മല്ലപ്പള്ളി, പള്ളിക്കൂട്ടുമ്മ എന്നിവിടങ്ങളിലുള്ള ചാസ് ഖാദി ഷോറൂമുകളിൽ മഞ്ഞൾ-തേൻ ലഭ്യമാണ്.

**(6) ഹരിതസമൃദ്ധി-ഓണം വിപണനമേള**

ചാസ് കർഷകസംഘങ്ങളും, സ്വാശ്രയസംഘങ്ങളും ഉൽപ്പാദി



പ്പിച്ച കിഴങ്ങുവർഗ്ഗവിളകളും, പച്ചക്കറികളും, ജൈവപുഞ്ചകുത്തരിയും സംഭരിച്ച് ആഗസ്റ്റ് 28, 29 തീയതികളിൽ ചാസ് അങ്കണത്തിൽ ഓണം വിപണനമേള സംഘടിപ്പിച്ചു. ഓണചന്തയുടെ ഉദ്ഘാടനം അതിരൂപതാ സഹായമെത്രാൻ ബിഷപ് മാർ തോമസ് തറയിൽ നിർവഹിച്ചു. ആദ്യവിൽപ്പന വാർഡ് കൗൺസിലർ ശ്രീ. സിബി പാറയ്ക്കൽ ഏറ്റുവാങ്ങി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അസി. ഡയറക്ടർമാരായ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ എന്നിവർ പ്രസംഗിച്ചു.

**(7) കാർഷികോൽപ്പന്ന മാർക്കറ്റിംഗ് നെറ്റ്വർക്ക്**

കേരള കത്തോലിക്കാസഭയുടെ (KCBC) 32 ഔദ്യോഗിക സാമൂഹ്യസേവന വിഭാഗങ്ങളെ കോർത്തിണക്കി കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനശൃംഖല രൂപീകരിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള ആലോചനായോഗം കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ JPD കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കലിന്റെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 10-ാം തീയതി കൂടി. പ്രസ്തുത മീറ്റിംഗിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ചങ്ങനാശ്ശേരി അതിരൂപതയിലെ നിലവിലുള്ള പ്രവർത്തനങ്ങളും, നിർദ്ദേശങ്ങളും, ഭാവിപരിപാടികളും അവതരിപ്പിച്ചു.

**(8) ഫാർമർ-പ്രൊഡ്യൂസർ ഓർഗനൈസേഷൻ**

കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ കൃഷിവികസന പദ്ധതികളിൽ പങ്കാളികളാവാൻ കർഷകരെ സജ്ജരാക്കുന്നതിന് ചാസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കർഷകസംഘം (farmers club) പ്രതിനിധികളുടെ മീറ്റിംഗ് സെപ്റ്റംബർ 19 ശനിയാഴ്ച ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ഫാർമർ പൊഡ്യൂസർ ഓർഗനൈസേഷനുകളുടെ പ്രസക്തി, കാർഷിക ബിൽ, നാട്ടുചന്തകൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ശ്രീ. ജെയിംസ് വടക്കൻ ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പ്രാദേശിക വിപണനസാധ്യതകളും, രൂപതാതല ഇടപെടലുകളും വിശദീകരിച്ചു. അസി. ഡയറക്ടർമാരായ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോർജ്ജ് പനക്കേഴം, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, ഡോ. ജോസഫ് എബ്രഹാം, ശ്രീ. ബിനു ജോസഫ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. തെരഞ്ഞെടുക്കപ്പെട്ട 27 കർഷകർ യോഗത്തിൽ പങ്കെടുത്തു.

### (9) മഴകേന്ദ്രവുമായി സഹകരിച്ച് 200 മഴവെള്ളസംഭരണികൾ




കേരള സർക്കാരിന്റെ കീഴിലുള്ള മഴകേന്ദ്രത്തിന്റെ Rain water harvesting & ground water recharge programmeൽ 2019-20 കാലയളവിൽ കാവാലം, പുളിംകുന്ന് ഗ്രാമപഞ്ചായത്തുകളിൽ 200 മഴവെള്ളസംഭരണികളുടെ നിർമ്മാണം ചാസ് പൂർത്തീകരിച്ചു. പതിനായിരം ലിറ്റർ സംഭരണശേഷിയുള്ള ടാങ്കുകളാണ് നിർമ്മിച്ചത്.

### (10) കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിനുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി

SK ട്രസ്റ്റിന്റെ സഹായത്തോടെ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്കുവേണ്ടി ന്യൂ ഇൻഡ്യ അഷ്വറൻസുമായി സഹകരിച്ച് ചാസ് നടപ്പാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ 2020-21 വർഷത്തെ ഉദ്ഘാടനം സെപ്റ്റംബർ 15 ന് പുളിംകുന്നിൽ ഫൊറോനാ വികാരി ഫാ. മാത്യു



പുത്തനങ്ങാടി നിർവ്വഹിച്ചു. ചാസ് കേന്ദ്ര ഓഫീസും-യൂണിറ്റുകളും സഹകരിച്ച് പ്രീമിയം തുക അടച്ച് കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാസഹായം ഉറപ്പാക്കുന്നതാണ് പദ്ധതി. ഇരുന്നൂറ് കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

# മൈക്രോഫിനാൻസ്

**സ്വാശ്രയ സംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 08.07.2020 | വേഴപ്രാ | ശ്രേയസ് | 19 |
| 08.07.2020 | കൊണ്ടാക്കൽ | സൗഹൃദം | 16 |
| 08.07.2020 | നാലുകോടി | അനുഗ്രഹ | 20 |
| 17.07.2020 | മാന്നാനം | മേരിമാതാ | 17 |
| 17.07.2020 | മാന്നാനം | അമല | 12 |
| 17.07.2020 | മാന്നാനം | ജ്യോതിസ് | 15 |
| 17.07.2020 | മാന്നാനം | നന്മ | 20 |
| 17.07.2020 | മാന്നാനം | അനുഗ്രഹ | 20 |
| 27.07.2020 | ഏറ്റുമാനൂർ | ക്രൈസ്റ്റ് | 14 |
| 11.08.2020 | മാടപ്പള്ളി | മത്സ്യതീരം | 11 |
| 14.08.2020 | വേഴപ്രാ | സെന്റ് റീത്ത | 15 |
| 22.09.2020 | തത്തംപള്ളി | ഇലവൻ സ്റ്റാർ | 11 |
| 24.09.2020 | കാവാലം സെൻ തെരേസാസ് | കർഷകമിത്ര | 18 |
| 25.09.2020 | എടത്വാ | പുലരി | 19 |
| 29.09.2020 | ചമ്പക്കുളം | സമൃദ്ധി | 18 |

**COPTAC**

* വനിതകൾക്ക് മൂന്നുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം.
* എംബ്രോയിഡറി പരിശീലനം.
* താത്പര്യമുള്ള ഇനങ്ങൾ മാത്രം പഠിക്കാൻ അവസരം.



**മാമ്മോദീസാസെറ്റ്**
ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും
മിതമായ നിരക്കിൽ ലഭ്യമാണ്
**Ph: 0481- 2400085**

## മേഖലാവാർത്തകൾ

### കർഷകസംഗമവും ഫാർമേഴ്സ് ക്ലബ് ഉദ്ഘാടനവും

ഏറ്റുമാനൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കർഷകസംഗമവും ഫാർമേഴ്സ്ക്ലബ് ഉദ്ഘാടനവും ജൂലൈ 12 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി ശ്രീ. ജോസഫ് പനച്ചേൽ സ്വാഗതം ആശംസിച്ചു. ഫാർമേഴ്സ് ക്ലബ് അംഗങ്ങൾക്ക് വൃക്ഷതൈ വിതരണം നടത്തി.

### പച്ചക്കറിതൈ വിതരണം

ഇത്തിത്താനം യൂണിറ്റിന്റെ നേതൃത്വത്തിൽ 'ഹരിതസമൃദ്ധി 2020-22' ന്റെ ഭാഗമായി ജൂലൈ 25 ന് പച്ചക്കറിതൈകളുടെ വിതരണോദ്ഘാടനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ നിർവഹിച്ചു. 100 കുടുംബങ്ങൾക്ക് പച്ചറിതൈകൾ വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### കർഷകദിനാചരണം

ചാസ് വേഴപ്രാ യൂണിറ്റിന്റെയും ഹരിത ഫാർമേഴ്സ് ക്ലബിന്റെയും ആഭിമുഖ്യത്തിൽ ആഗസ്റ്റ് 17 ന് കർഷകദിനാചരണം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സന്ദേശം നൽകി. യൂണിറ്റിലെ മികച്ച ജൈവ-കർഷക ശ്രീമതി ആൻസി ജേക്കബ് കൊച്ചുപറമ്പിലിന് അവാർഡ് നിൽകി ആദരിച്ചു.

### ഹരിതാ ഫാർമേഴ്സ് ക്ലബ് ഉദ്ഘാടനം

പാണ്ടി യൂണിറ്റിൽ 'ഹരിതാ ഫാർമേഴ്സ് ക്ലബ്' ഉദ്ഘാടനം ആഗസ്റ്റ്



22 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മാവേലിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം പ്രോജക്ട്

വിശദീകരണം നടത്തി. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ഹരിതസമൃദ്ധി പദ്ധതി ഉദ്ഘാടനം**

പാറേൽ യൂണിറ്റിൽ പാറേൽ സോഷ്യൽ സർവ്വീസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ അതിജീവനത്തിന് ഒരു കൈത്താങ്ങ് എന്ന പദ്ധതിയുടെ




ഭാഗമായി നടത്തുന്ന 'ഹരിതസമൃദ്ധി' യുടെ ഉദ്ഘാടനം ആഗസ്റ്റ് 24 ന് മുനിസിപ്പൽ ചെയർമാൻ ശ്രീ. സാജൻ ഫ്രാൻസിസ് നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് ആമുഖ പ്രഭാഷണം നടത്തി. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ശ്രീമതി ഷൈനി ഷാജി ആദ്യവിൽപന നടത്തി. അടുക്കളതോട്ടം, നാട്ടുചന്ത, ഔഷധതോട്ടം, മാലിന്യസംസ്ക്കരണ പദ്ധതികൾ എന്നിവയാണ് ഹരിതസമൃദ്ധി ലക്ഷ്യമിട്ടിരിക്കുന്നത്. ഹൈടെക് കോഴിക്കൂട്, BV380 കോഴികൾ, തെങ്ങിൻതൈകൾ, വാഴവിത്തുകൾ, കേരപിറ്റ്, കൊക്കോപിറ്റ്, ജൈവവളങ്ങൾ, ഗ്രോബാഗുകൾ, പച്ചക്കറിവിത്തുകൾ എന്നിവ യൂണിറ്റുവഴി വിതരണം ചെയ്തുവരുന്നു.

**ഓണകിറ്റ് വിതരണം**

ചാസ് വള്ളംചിറ യൂണിറ്റിൽ 'ജനനി' സ്വാശ്രയസംഘം 1,500/- രൂപ വിലയുള്ള 30 ഇനം സാധനങ്ങൾ അടങ്ങിയ ഓണകിറ്റ് സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു.

**ബോധവത്ക്കരണ പരിപാടി**

കുറുമ്പനാടം യൂണിറ്റിൽ കോവിഡ്-19, സർക്കാർ സാമൂഹ്യസുരക്ഷാപദ്ധതികൾ, ചാസ് 'ഹരിതസമൃദ്ധി' എന്നിവയെക്കുറിച്ച് സെപ്റ്റംബർ 3 ന് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് നൂഴായിത്തടം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ബോധവത്ക്കര സെമിനാർ നയിച്ചു.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റും ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഉദ്ഘാടനവും

പുളിംകുന്ന് മേഖലയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിനുള്ള പരിശീലന പരിപാടി സെപ്റ്റംബർ 15 ന് രാവിലെ



പുളിംകുന്ന് സെന്റ് മേരീസ് സെമിനാർ ഹാളിൽ സംഘടിപ്പിച്ചു. മേഖലയിലെ യൂണിറ്റുകളിൽനിന്നും 16 കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർ പങ്കെടുത്തു. പദ്ധതിയുടെ ഉദ്ഘാടനം ഫൊറോന വികാരി റവ. ഫാ. മാത്യു പുത്തനങ്ങാടി ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ പ്രസംഗം നടത്തി. കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ സേവന മേഖലകളെകുറിച്ച് മേഖല കോ–ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു.

## നേതൃത്വസംഗമം

ചമ്പക്കുളം മേഖലയിലെ യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വസംഗമം സെപ്റ്റംബർ 22 ന് ചമ്പക്കുളം ബസിലിക്ക യൂണിറ്റിൽ സംഘടിപ്പിച്ചു. കോവിഡ് പശ്ചാത്തലത്തിൽ യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തി. 12AA രജിസ്ട്രേഷൻ, സൺഡേ മാർക്കറ്റ്, നാട്ടുചന്ത എന്നിവയെക്കുറിച്ച് ചാസ് കോ–ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ്, കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയെകുറിച്ച് ശ്രീ. ബിനു ജോസഫ് എന്നിവർ വിശദീകരണം നൽകി.

# ചാസ്
# മദ്യം മയക്കുമരുന്ന് ചികിത്സാകേന്ദ്രങ്ങൾ

| ACCEPT IRCA<br>**Kattanam Vetticode PO**<br>**Kayamkulam-690 503**<br>**Ph. 0479-2332878** | ACCEPT IRCA<br>**V.S. Lodge**<br>**Sindhura Junction**<br>**Punnapra South, Alappuzha- 688 004** |
|---|---|
| roject Co-ordinator<br>**Liju Thomas**<br>Mob.: 7902733439 | Project Co-ordinator<br>**Littymon M.S.**<br>Mob.: 8086775610 |

## പ്രത്യേകതകൾ

- കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായ ത്തോടെ ചാസ് നടത്തുന്ന ചികിത്സാകേന്ദ്രം.
- മരുന്നിനൊപ്പം ഒരു മാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ്, യോഗ, വ്യായാമ മുറകൾ, മാനസിക-ശാരീരിക ഉല്ലാസങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, ഗ്രൂപ്പ് തെറാപ്പി, പ്രാർത്ഥന എന്നിവയുൾപ്പെടുന്ന സമഗ്രചികിത്സാശൈലി.
- ഡോക്ടർ, നേഴ്സ്, കൗൺസിലേഴ്സ്, സൈക്ക്യാട്രിസ്റ്റ് എന്നിവരുടെ സൗജന്യ സേവനം.
- പതിനഞ്ച് രോഗികൾക്ക് ഒരേ സമയം ചികിത്സ നൽകാനുള്ള സംവിധാനം.
- ചികിത്സാവേള മുഴുവൻ രോഗിയോടൊപ്പം അടുത്ത ബന്ധുക്കളിലൊരാളുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ വ്യവസ്ഥ.
- ഫാമിലി കൗൺസിലിംഗ്, AA മീറ്റിംഗ് തുടങ്ങിയവയിലൂടെ തുടർപരിചരണം.

---

# നാവിൽ കൊതിയൂറും മായമില്ലാത്ത ക്രിസ്മസ്-ന്യൂ ഇയർ കേക്കുകൾ

**ഇന്നുതന്നെ ഓർഡർ ചെയ്യുക**

CHASS
KHADI




**പ്ലം കേക്ക്**
**മാർബിൾ കേക്ക്**
**കാരറ്റ് കേക്ക്**
**ബട്ടർ സ്കോച്ച് കേക്ക്**
**ബ്ലാക്ക് ഫോറസ്റ്റ് കേക്ക്**

ഇടവകകൾ, സംഘടനകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, ഷോപ്പുകൾ എന്നിവർക്ക് **ഹോൾസെയിൽ റേറ്റിൽ** ലഭ്യമാണ്.

**ഇന്നുതന്നെ വിളിക്കുക: 9744193238, 9496991116**

# CHASS
## PROUDLY PRESENTS

**LIVE FREE COTTON SANITARY PAD**

*Soft ★ Safe ★ Secure ★ Seemly*

Live Free Cotton Sanitary Pad, a unique product initiated by "Ashakiranam Desk" of CHASS providing hygienic reusable cotton sanitary pad as an alternative for the plastic coated sanitary pads available in the market. Hygienic, reusable, non-allergic and natural at less cost.

**Retail Price Rs.70/-**

**Live Free Cotton Sanitary Pad available at CHASS.**



*Live Free - Live Long -*
*Live with Live Free Cotton Sanitary Pad*

Contact:
9446857636, 9539701126
E-mail: chass1966@gmail.com
www.chasschry.org



# വനിതകൾക്ക് തൊഴിൽ അവസരം

## ഗൃഹലക്ഷ്മി

* രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെശുശ്രൂഷിക്കുക.

## ഗൃഹശ്രീ

* പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുക.
* വീടുകളിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുക
* വീടുകളിൽ താമസിച്ച് രോഗികളെ ശുശ്രൂഷിക്കുകയും വീട്ടുജോലികളിൽ സഹായിക്കുകയും ചെയ്യുക.

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9495534212**



# ആരോഗ്യ ഇൻഷുറൻസ്

ചികിത്സാചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9539701126**



# മുട്ടക്കോഴിയും കൂടും

* 5 മുതൽ 25 വരെ കോഴികൾക്കുള്ള കൂടുകൾ- മേൽക്കൂര ഉള്ളതും ഇല്ലാത്തതും
* BV380 കോഴിക്കുഞ്ഞുങ്ങൾ
* നാടൻ കോഴിക്കുഞ്ഞുങ്ങൾ

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9539701153**



# ചാസ് ഗ്രാമീണഉത്പന്നങ്ങൾ

## IADC- ഗ്രാമവിപണി

Mob: 9539701165





## മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി

5000 ltrs മുതൽ 200000 ltrs വരെ
മഴവെള്ള സംഭരണി നിർമ്മിച്ച്
നൽകുന്നു..

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9539701153




## മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ

ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംമ്പോസ്റ്റ്,
പൈപ്പ് കംമ്പോസ്റ്റ്, മുച്ചട്ടി
ടെറാക്കോട്ട കംമ്പോസ്റ്റ്

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9539701153